# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ഒക്ടോബർ–2013 ലക്കം 10**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 03

സർക്കുലർ ........................................................ 08

സർക്കുലർ ........................................................ 12

**Declaration** ........................................................ 18

രൂപതാകച്ചേരി വാർത്തകൾ .................................... 19

മതബോധനരംഗം ........................................................ 21

ചെറുപുഷ്പമിഷൻലീഗ് .............................................. 22

കെ.സി.വൈ.എം. .................................................. 30

കുടുംബപ്രേഷിതത്വം .................................................. 39

**God Bless Matrimony** .................................... 43

സീയോൻ വാർത്തകൾ ............................................... 44

വിൻസെന്റ് ഡി പോൾ സൊസൈറ്റി........................... 47

സാമൂഹ്യ സേവനരംഗം (WSSS)...................................... 52

കേരളാ ലേബർ മൂവ്മെന്റ് ........................................ 55

*Mary Matha arts & science college* ............................ 56

റേഡിയോ മാറ്റൊലി ....................................... 59

അറിയിപ്പുകൾ ........................................................ 60

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 62

ബിഷപ്സ് പ്രോഗ്രാം .................................................. 63

# സർക്കുലർ

***Circular Letter No. 11/2013***
***Prot. No. 14167/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകകളിൽ അടുത്ത ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടക്കാൻ പോകുന്ന തിരുനാളുകളുടെ കാര്യങ്ങൾ ആലോചിക്കാൻ പൊതുയോഗം കൂടുന്ന അവസരമാണല്ലോ ഇത്. ആ അവസരത്തിൽ ക്രൈസ്തവ ആഘോഷങ്ങളെപ്പറ്റി മുമ്പ് ഞാൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഒരിക്കൽകൂടി നിങ്ങളെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അവകൂടി പരിഗണിച്ചു വേണം നിങ്ങൾ പൊതുയോഗങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ എന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ എന്റെ നിർദ്ദേശങ്ങൾ ഇടവകകളിൽ എത്താൻ വൈകിയതിനാൽ അവയ്ക്കനുസരിച്ച് തീരുമാനങ്ങൾ എടുക്കാൻ സാധിച്ചില്ല എന്ന് ചിലർ അറിയിക്കുകയുണ്ടായി. അതുകൊണ്ടാണ് ഇത്തവണ നേരത്തേതന്നെ ഇതേപ്പറ്റി എഴുതുന്നത്.

ആഘോഷങ്ങളുമായി ബന്ധപ്പെട്ട് കേരള കത്തോലിക്കാ മെത്രാൻ സമിതി 2010 ജൂൺ മാസത്തിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ രൂപതാ ബുള്ളറ്റിന്റെ 2010 ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അവയുടെ ചുരുക്കം വീണ്ടും ബുള്ളറ്റിനിലൂടെ നിങ്ങളെ അറിയിച്ചിട്ടുള്ളതാണ്. തിരുനാളുകളെപ്പറ്റി മെത്രാൻ സമിതി പറഞ്ഞ കാര്യം ഒരിക്കൽകൂടി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ:

*ക്രൈസ്തവ വിശ്വാസത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത്. വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകക്കൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള അവസരമല്ല. അവയിൽ ലാളിത്യം നിറഞ്ഞു നിൽക്കണം. ഇടവക മദ്ധ്യസ്ഥരുടേയും*

*മാലാഖമാരുടേയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാസികൾക്ക് കടമയുണ്ട്. ഇടവകത്തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റേയും ആരാധനക്രമ പൈതൃകത്തിന്റേയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരള കത്തോലിയ്ക്കാ മെത്രാൻ സമിതിയുടെ സമ്മേളനം വിശദമായി ചർച്ച ചെയ്യുകയും താഴെപറയുന്ന അജപാലന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു. കെ.സി.ബി.സി. നിർദ്ദേശങ്ങൾ രൂപതാതലത്തിലും ഇടവകാതലത്തിലും നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേണ്ടതാണ് (പേജ് 3).*

തിരുനാളുകൾ, നൊവേനകൾ തുടങ്ങിയവയെ സംബന്ധിച്ച് മെത്രാൻ സമിതി നൽകിയിരുന്ന നിർദ്ദേശങ്ങളുടെ ചുരുക്കം ഒരിക്കൽ കൂടി നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

1) നമ്മുടെ ആഘോഷങ്ങൾ വാണിജ്യവത്ക്കരിക്കപ്പെടരുത് എന്നതാണ് ഒന്നാമത്തെ നിർദ്ദേശം. പണം നമ്മുടെ ഇടവക പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ് എന്ന വസ്തുത മറക്കാതെ തന്നെ പറയട്ടെ, തിരുനാളുകളുടെ ആഘോഷക്കൊഴുപ്പ് കൂട്ടി കൂടുതൽ ആളുകളെ ആകർഷിച്ച് കൂടുതൽ പണം സ്വരൂപിക്കാനുള്ള മാർഗ്ഗമായി അതിനെ കണക്കാക്കുന്നത് അധാർമ്മികമാണ്. തിരുനാൾ നടത്തിപ്പിൽ നിന്ന് പണം മിച്ചം വരാനേ പാടില്ല എന്നതല്ല ഇവിടെ ഉദ്ദേശിക്കുന്നത്. പ്രത്യുത, അതൊരു വരുമാനമാർഗ്ഗമായി കാണരുത് എന്നും വരുമാനം കൂട്ടാനായി അതിന് പറ്റിയ പരിപാടികൾ ആസൂത്രണം ചെയ്യരുത് എന്നുമാണ്. കാരണം അങ്ങനെ ചെയ്യുമ്പോൾ നമ്മുക്ക് നഷ്ടമാകുന്നത് നമ്മുടെ വിശ്വാസവും ധാർമ്മികതയുമാണ്.

2) *അത്ഭുതപ്രവർത്തകയായ, അത്ഭുതപ്രവർത്തകനായ* എന്നീ വിശേഷണങ്ങൾ വിശുദ്ധർക്ക് കൊടുക്കുന്നത് തീർത്തും അനുചിതമാണ്. കാരണം അത്ഭുതങ്ങൾ കർത്താവാണ് പ്രവർത്തിക്കുന്നത്. വിശുദ്ധർ അതിനുള്ള ഉപാധികൾ മാത്രമാണ്. *തിരുനാൾ മഹാമഹം, മഹാഊട്ടുനേർച്ച, അത്ഭുതരോഗശാന്തിധ്യാനം* തുടങ്ങിയ പദപ്രയോഗങ്ങളും പരസ്യങ്ങളിൽ നിന്ന് ഒഴിവാക്കണം. അറിയാതെയാണെങ്കിലും

ഇതെല്ലാം  വിശുദ്ധവസ്തുക്കൾ വാണിജ്യവത്ക്കരിക്കപ്പെടുന്നതിന്റെ അടയാളങ്ങളാണ്.

3) പ്രധാന ഇടവകത്തിരുനാളിന് പുറമേ കപ്പേളകളിലും കുരിശടികളിലും വലിയ തോതിൽ തിരുനാളുകൾ നടത്തുന്നത് തീർത്തും നിരുത്സാഹപ്പെടുത്തണം. അതുപോലെ ഇവയിലുള്ള മത്സരബുദ്ധിയും ഒഴിവാക്കണം.

4) തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ നിശ്ചിതശതമാനം സാമൂഹ്യപ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടി മാറ്റി വയ്ക്കണം. മൊത്തം തുകയുടെ എത്ര ശതമാനമാണ് ഉപവിപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതെന്ന് രൂപതകളും ഇടവകകളും നിശ്ചയിക്കേണ്ടതാണ് എന്നതാണ് മെത്രാൻ സമിതിയുടെ നിർദ്ദേശം. തിരുനാളുകൾക്ക് ചെലവാകുന്ന തുകയുടെ 5 ശതമാനമെങ്കിലും നാമാരംഭിച്ചിരിക്കുന്ന വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് കൊടുക്കണം എന്ന് മുമ്പും ഞാൻ എഴുതിയിട്ടുള്ളതാണല്ലോ. അത് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുകയാണ്. കുറേയധികം ഇടവകകൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ആ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും ഇടവകക്കാരേയും ഞാൻ അഭിനന്ദിക്കുകയും നന്ദിപൂർവ്വമോർക്കുകയും ചെയ്യുന്നു. അക്കാര്യത്തിൽ ബാക്കിയുള്ളവരുടേയും അകമഴിഞ്ഞ സഹകരണം ഉണ്ടാകണം.

5) ക്രിസ്തുകേന്ദ്രീകൃത ഭക്തിയിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്താഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. ഇതെല്ലാം വിശ്വാസത്തിന്റെ വാണിജ്യവത്ക്കരണം ആണെന്നതിന് ഉപരി ശരിയായ വിശ്വാസം കാത്ത് സൂക്ഷിക്കാൻ ശ്രമിക്കുന്നവരെ സഭയിൽ നിന്ന് അകറ്റുന്ന പ്രക്രിയ കൂടി ആണ് എന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്.

6) രാത്രി ഏറെ വൈകുംവരെ പ്രദക്ഷിണങ്ങൾ നടത്തുന്നതും ദേവാലയാങ്കണത്തിൽ കലാപരിപാടികൾ അരങ്ങേറുന്നതും ഒഴിവാക്കപ്പെടേണ്ടതാണ്.

7) ആഘോഷത്തിന് വേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നതും അഭിലഷണിയമല്ല എന്ന് നിർദ്ദേശങ്ങളിൽ പറയുന്നു.

8) മറ്റു ഇടവകകളിൽ നിന്ന് സ്വർണ്ണ, വെള്ളിക്കുരിശുകൾ വാടകയ്ക്ക് എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം.

9) തിരുനാൾ പ്രദക്ഷിണങ്ങൾ ഭക്തിനിർഭരമായും ഗതാഗതത്തിനു തടസ്സം വരാതെയുമാണ് നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10) കരിമരുന്ന് പ്രയോഗങ്ങൾ നിരുത്സാഹപ്പെടുത്തണം എന്നതാണ് മറ്റൊരു നിർദ്ദേശം. ചെലവു ചുരുക്കുകയും അപകടങ്ങൾ കുറയ്ക്കുകയും ചെയ്യുക എന്ന ഉദ്ദേശമാണ് ഇതിന്റെ പിന്നിലുള്ളത്.

11) പരിസരമലിനീകരണത്തിനും അന്തരീക്ഷമലിനീകരണത്തിനും കാരണമാകുന്ന ഒന്നും നാം ചെയ്യരുത് എന്നതാണ് അടുത്ത നിർദ്ദേശത്തിന്റെ ചുരുക്കം. ഫ്ളക്സ്, പ്ലാസ്റ്റിക്ക് തുടങ്ങിയ വസ്തുക്കൾ കൊണ്ട് നിർമ്മിക്കുന്ന പോസ്റ്ററുകളും ബാനറുകളും തോരണങ്ങളും നമ്മുടെ പ്രകൃതിയെ നശിപ്പിക്കുന്നവയാണ്. അവ തീർത്തും ഒഴിവാക്കി പരിസ്ഥിതി സൗഹൃദമായ വസ്തുക്കൾ ഉപയോഗിക്കണം. അവയുടെ എണ്ണത്തിൽ മിതത്വം പാലിക്കുകയും വേണം.

ഇപ്പറഞ്ഞ നിർദ്ദേശങ്ങൾ പല പ്രാവശ്യം ആവർത്തിക്കപ്പെട്ടവയായതുകൊണ്ടും അപ്രായോഗികമെന്ന് ചിലർക്കെങ്കിലും തോന്നാൻ ഇടയുള്ളതുകൊണ്ടും അവയുടെ സ്വീകാര്യത പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ക്രൈസ്തവ വിശ്വാസം കേവലം ഏതാനും ചില അനുഷ്ഠാനങ്ങളോ ആചാരങ്ങളോ അല്ല പ്രത്യുത ദൈവരാജ്യത്തിന്റെ അനുഭവം ഈ ലോകത്തിൽ തന്നെ അനുഭവിക്കുകയും അത് മറ്റുള്ളവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുകയും ആണ് എന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം. അതിന് വിഘാതമാകുന്ന ഒന്നും ഒരു ക്രൈസ്തവവിശ്വാസിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ല.

ധാരാളം ഇടവകകളിൽ ഈ നിർദ്ദേശങ്ങളിൽ പറയുന്ന രീതിയിലാണ് തിരുനാളുകൾ നടത്തുന്നത് എന്നത് ആശാവഹമായ കാര്യമാണ്. അവരെ ഞാൻ അഭിനന്ദിക്കുന്നു. ബാക്കിയുള്ളവർക്കും അത് സാധിക്കും എന്നത് നിസ്സംശയമാണ്. അതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഇടവകാംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യണം.

വിശുദ്ധരുടെ മരണദിനങ്ങളാണ് സാധാരണയായി അവരുടെ തിരുനാളുകളായി ആചരിക്കുന്നത്. കാരണം അന്നാണ് അവർ സ്വർഗ്ഗത്തി

ലേക്ക് പ്രവേശിച്ചത്. അതിനവർക്ക് പിൻചെല്ലേണ്ടി വന്ന പാത എളുപ്പ മുള്ളതായിരുന്നില്ല. പക്ഷേ ഇടുങ്ങിയ വഴിയിലൂടെ കടന്നു പോയെങ്കിൽ മാത്രമേ സ്വർഗ്ഗീയമായ അനുഭവം നമുക്ക് ഉണ്ടാകുകയുള്ളു എന്ന വസ്തുത അവരുടെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നു. ആ ജീവിത ങ്ങളെ നമ്മൾ സ്വീകരിക്കുകയും അവരെ അനുകരിക്കാൻ പരിശ്രമി ക്കുകയും ചെയ്യുന്നു എന്നതിന്റെ അടയാളമാണ് തിരുനാളാഘോഷ ങ്ങൾ. അതിനെ ദ്യോതിപ്പിക്കുന്നതാകട്ടെ നമ്മുടെ തിരുനാളാഘോഷ ങ്ങൾ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഒക്ടോബർ മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 12/2013*
*Prot. No. 14168/2013*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആരാധനാക്രമ പുസ്തക സംബന്ധമായി ചില കാര്യങ്ങൾ 2012 ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്നല്ലോ. അതിന്റെ തുടർച്ചയായി മറ്റ് ചില കാര്യങ്ങൾകൂടി നിങ്ങളുടെ ശ്രദ്ധ യിൽ പെടുത്തുവാനാണ് ഈ സർക്കുലർ. ഇതിൽ പറയുന്ന കാര്യ ങ്ങൾ ബന്ധപ്പെട്ട എല്ലാവരും വളരെ പ്രാധാന്യത്തോടെ കരുതുകയും ഇടവകകളിലും ആശ്രമങ്ങളിലും മഠങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പാക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങ ളുടെ സഹകരണത്തിന് മുൻകൂട്ടി നന്ദി പറയുന്നു.

വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പുസ്തകങ്ങളെപ്പറ്റി യാണ് ഈ സർക്കുലറിൽ പ്രാധാനമായും പ്രതിപാദിക്കുന്നത്. പല സന്ദർഭങ്ങളിലായി പ്രസിദ്ധീകരിച്ച കുർബാന പുസ്തകങ്ങളാണല്ലോ നമ്മൾ ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ആരാധനക്രമ വത്സ രമനുസരിച്ച് ഓരോ കാലത്തും മാറിവരുന്ന പ്രാർത്ഥനകൾ ഉൾക്കൊ ള്ളുന്ന തക്സാ (കാർമ്മികൻ ഉപയോഗിക്കുന്ന കുർബാനപുസ്തകം) 2013 ജനുവരി 1 മുതൽ നമ്മുടെ രൂപതയിൽ എല്ലായിടത്തും ഉപയോഗി ക്കാൻ തുടങ്ങണം എന്ന് കഴിഞ്ഞ സർക്കുലറിൽ പറഞ്ഞിരുന്ന കാര്യം ഒരിക്കൽകൂടി ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു. ഇനിയും ആ തക്സ വാങ്ങാത്തിടത്ത് അത് എത്രയും വേഗം വാങ്ങണം. അതുപോലെ തന്നെ കാലത്തിനനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകളും ഗീതങ്ങളും ഉപയോ ഗിക്കാനും ശ്രദ്ധിക്കണം. അതിലേയ്ക്ക് ബഹുമാനപ്പെട്ട ഇടവക വൈദി കരുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം എന്ന് അഭ്യർത്ഥി ക്കുന്നു.

ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുകുർബാനപുസ്തകം നമ്മുടെ രൂപതയിലെ രീതിയ്ക്കനുസരിച്ചുള്ള നിർദ്ദേശങ്ങളോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് എല്ലാവരും വാങ്ങുന്നുണ്ടെന്നും വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നുണ്ടെന്നും ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണം. ആവശ്യമായ വിശദീകരണങ്ങളോടെയും നിർദ്ദേശങ്ങളോടെയും ആണ് അത് തയ്യാറാക്കിയിരിക്കുന്നത്. എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനയർപ്പണം ഏകീകരിക്കാൻ അത് സഹായിക്കും. മാത്രമല്ല, വിശുദ്ധകുർബാനയുടെ വിവിധ ഭാഗങ്ങളെപ്പറ്റിയുള്ള ലഘുവിശദീകരണങ്ങളും അതിൽ കൊടുത്തിരിക്കുന്നതുകൊണ്ട് വിശുദ്ധ കുർബാനയിൽ കൂടുതൽ സജീവഭാഗഭാഗിത്വം ഉണ്ടാകും എന്നതും നിശ്ചയമാണ്. ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്നും ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുകുർബാനപുസ്തകം പ്രിസിദ്ധീകരിച്ചിട്ടുണ്ട്. അവ ഉപയോഗിക്കുന്നതിന് തടസ്സമില്ല. എന്നാൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ നമ്മുടെ രൂപതയിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകം വാങ്ങുന്നതാകും ഉചിതം.

നിങ്ങൾക്കറിയാവുന്നതുപോലെ എല്ലാ റീത്തിലും വിശുദ്ധ കുർബാനയിൽ ഒന്നിലധികം അനാഫറകൾ നിലവിലുണ്ട്. (വിശ്വാസ പ്രമാണത്തിന് ശേഷമുള്ള ഭാഗം മുതൽ റൂഹാക്ഷണ പ്രാർത്ഥന ഉൾപ്പെടെയുള്ള ഭാഗത്തെയാണ് അനാഫറ എന്ന് വിളിയ്ക്കുന്നത്). നമ്മുടെ കുർബാനയിൽ ഇപ്പോൾ ഒരു അനാഫറ മാത്രമേ ഉള്ളൂ. മാർ അദ്ദായിയുടേയും മാർ മാറിയുടേയും അനാഫറ എന്നാണത് അറിയപ്പെടുന്നത്. മറ്റുള്ള അനാഫറകൾ ഇതുവരെ സുറിയാനിയിൽ നിന്ന് തർജ്ജിമ ചെയ്തിട്ടില്ലായിരുന്നു. ആ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ആദ്യത്തേതായി മാർ തെയദോറിന്റെ പേരിലുള്ള അനാഫറ ഇപ്പോൾ ഉപയോഗത്തിനായി തയ്യാറായിട്ടുണ്ട്. അതിന്റെ തക്സായും ചെറുപുസ്തകവും നമ്മുടെ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. അതും ഇടയ്ക്കിടെ ഉപയോഗിക്കാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുന്നതിന് മുമ്പായി വിശ്വാസികളെ, പ്രത്യേകിച്ച് കുട്ടികളേ, അതിലെ പ്രാർത്ഥനകൾ പരിചയപ്പെടുത്തുകയും വിശുദ്ധ കുർബാനയിൽ അനാഫറയ്ക്കുള്ള സ്ഥാനവും പ്രാധാന്യവും അവയുടെ ചരിത്രവും എല്ലാം പഠിപ്പിച്ച് കൊടുക്കുകയും വേണം.


വിശുദ്ധ കുർബാനയിലെ വായനകൾക്കുള്ള പ്രത്യേക പുസ്തകമാണ് ഇനിയും പരിചയപ്പെടുത്താനുള്ളത്. ഓരോ ദിവസത്തേയ്ക്കുമുള്ള വായനകളുടെ ലിസ്റ്റും വായനകൾക്കായി പ്രത്യേകം തയ്യാറാക്കിയ വിശുദ്ധഗ്രന്ഥങ്ങളുമാണ് ഇപ്പോൾ നമുക്കുള്ളത്. എന്നാൽ സഭയിലെ പൊതുവായ രീതി അതല്ല. പ്രത്യുത, ഓരോ ദിവസത്തേയ്ക്കുമുള്ള വായനാഭാഗങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളാണ് (Lectionary) വായനകൾക്ക് ഉപയോഗിക്കുന്നത്. ഇതും നമ്മുടെ സഭയിൽ ഇതുവരെ തയ്യാറാക്കപ്പെട്ടിരുന്നില്ല. അവയും ഉപയോഗത്തിനായി 2014 ജനുവരിയോടെ തയ്യാറാകും. പുതിയ വർഷം മുതൽ അവ നമ്മുടെ രൂപതയിൽ എല്ലായിടത്തും ഉപയോഗിക്കാൻ തുടങ്ങണം. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതോടെ വായനകളുടെ ലിസ്റ്റ് അടങ്ങുന്ന ഷീറ്റ് പ്രസിദ്ധീകരിക്കുന്നതല്ല എന്നാണ് സഭാകേന്ദ്രത്തിൽ നിന്ന് അറിയിച്ചിരിക്കുന്നത്.

മരണവീട്ടിലും മറ്റും പ്രാർത്ഥിക്കാൻ പോകുന്ന അവൈദികരായ സഹോദരങ്ങളുടെ ഉപയോഗത്തിനായും ഒരു ചെറു പ്രാർത്ഥനാ പുസ്തകം നമ്മുടെ രൂപതയിൽ നിന്ന് തയ്യാറാക്കിയിട്ടുണ്ട്. ഒപ്പീസ് വൈദികർ ചൊല്ലുന്നതായതിനാൽ അവൈദികർക്കായി ഒരു പ്രാർത്ഥന ഉണ്ടാകണം എന്ന് സീറോ മലബാർ മെത്രാൻ സിനഡിൽ നിന്ന് നിർദ്ദേശമുണ്ടായിരുന്നു. അത് പൊതുവായി തയ്യാറാക്കുന്നതിന് പകരം ഓരോ രൂപതയ്ക്കും അതിനുള്ള സ്വാതന്ത്ര്യം കൊടുക്കുകയാണ് ചെയ്തത്. അതിൻ പ്രകാരമാണ് നമ്മൾ ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഇനിമുതൽ വൈദികരല്ലാത്തവർ ഈ പുസ്തകമാണ് ഉപയോഗിക്കേണ്ടത്. എന്നാൽ ഒപ്പീസിലേയും മൃതസംസ്കാര ശുശ്രൂഷയിലേയും മറ്റും ഗീതങ്ങൾ ഉചിതമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ പ്രാർത്ഥനാപരമായി പാടുന്നതിൽ ഈ പുസ്തകം തടസ്സമല്ല.

നമ്മുടെ ആദ്ധ്യാത്മികത കേവലം എഴുതപ്പെട്ട ദൈവവചനത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല എന്ന് എടുത്ത് പറയേണ്ട വസ്തുതയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത ഒരുപാട് കാര്യങ്ങൾ നമ്മുടെ കർത്താവിൽ നിന്ന് തന്നെ വിശുദ്ധ ശ്ലീഹന്മാരിലൂടെ പാരമ്പര്യത്തിന്റെ രൂപത്തിൽ നമുക്ക് കൈമാറിക്കിട്ടിയിട്ടുണ്ട്. അങ്ങനെ കൈമാറിക്കിട്ടിയവ കൂടുതലായും നമ്മുടെ ആരാധനക്രമത്തിൽ, പ്രത്യേകിച്ച്, വിശുദ്ധ കുർബാനയിൽ, ആണ് നമ്മൾ കണ്ടെത്തുന്നത്. നമ്മുടെ

വിശ്വാസം എന്തെന്ന് തിരിച്ചറിയുന്നതും രക്ഷാകരകൃത്യത്തിന്റെ ഫലങ്ങൾ നമ്മൾ അനുഭവിക്കുന്നതും ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളിലൂടെയാണ്. അതിൽ തന്നെ വിശുദ്ധ കുർബാന പ്രഥമസ്ഥാനത്ത് നിൽക്കുന്നു. അതുകൊണ്ട് വിശുദ്ധ കുർബാന വിശുദ്ധിയോടെയും ഭക്തിയോടെയും സജീവമായും അർപ്പിക്കപ്പെടുകയും എല്ലാവരും അതിൽ പങ്കെടുക്കുകയും ചെയ്യണം. അതിന് നമ്മെ പ്രാപ്തരാക്കുന്ന ഗ്രന്ഥങ്ങളാണ് മുകളിൽ പരിചയപ്പെടുത്തിയത്. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഒക്ടോബർ മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരങ്ങളേ,

**കാർഷികമേഖലയുമായി ബന്ധപ്പെട്ടതും സംസ്ഥാനത്തെ ലക്ഷക്കണക്കിന് ജനങ്ങളെ ദോഷകരമായി ബാധിക്കുന്നതുമായ ഒരു പ്രശ്നത്തിലേയ്ക്ക് നിങ്ങളുടെ അടിയന്തിരമായ ശ്രദ്ധ ക്ഷണിക്കു ന്നതിനു വേണ്ടിയാണ് ഈ സർക്കുലർ.**

പശ്ചിമഘട്ടസംരക്ഷണം ലക്ഷ്യംവെച്ചുകൊണ്ട് പ്രൊഫസർ മാധവ് ഗാഡ്ഗിലും തുടർന്ന് കസ്തൂരിരംഗനും കേന്ദ്രസർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിലെ ഒട്ടനവധി നിർദ്ദേശങ്ങൾ കേരളത്തിലെ കാർഷികമേഖലയെയും സംസ്ഥാനത്തിന്റെ ഭാവിവികസനത്തെയും തകിടം മറിയ്ക്കാൻ പോകുംവിധം വലിയൊരു ഭീഷണിയാണെന്ന് നിഷ്പക്ഷമായി കാര്യങ്ങൾ പഠിക്കുന്നവർക്ക് മനസ്സിലാകും. പശ്ചിമഘട്ടത്തോട് ചേർന്നുകിടക്കുന്ന സംസ്ഥാനങ്ങളിലെ, പ്രത്യേകിച്ച് കേരളത്തിലെ, ലക്ഷക്കണക്കിന് ജനങ്ങൾ ഇക്കര്യത്തിൽ അങ്ങേയറ്റം ഉൽക്കണ്ഠാകുലരും പരിഭ്രാന്തരുമാണ്.

മേൽപ്പറഞ്ഞ റിപ്പോർട്ടുകളിലെ ജനദ്രോഹപരമായ ചില നിർദ്ദേശങ്ങളെപ്പറ്റിയുള്ള ചർച്ചകളും വാർത്തകളും ജനങ്ങളുടെ പ്രതിഷേധപ്രകടനങ്ങളും കുറച്ചുകാലമായി ഇവിടെ നടന്നുപോരു ന്നുണ്ടായിരുന്നു. എങ്കിലും, വലിയൊരു വിഭാഗം ജനങ്ങളുടെ നിലനിൽപുതന്നെ അപകടത്തിലാക്കുന്ന ഒരു നീക്കവും കേന്ദ്രസർക്കാർ അംഗീകരിക്കുകയില്ല എന്ന വിശ്വാസത്തിൽ ജനങ്ങൾ പൊതുവേ ശാന്തരായി ഇതുവരെ കഴിഞ്ഞുപോന്നു. എന്നാൽ, കഴിഞ്ഞ ദിവസം ഗ്രീൻ ട്രൈബ്യൂണൽ നടത്തിയ അഭിപ്രായപ്രകടനങ്ങളും കേന്ദ്രസർക്കാരിനുനൽകിയ അന്ത്യശാസനവും കാര്യങ്ങൾ പ്രതീക്ഷിച്ചവിധത്തിലല്ല നീങ്ങുന്നത് എന്നു ചിന്തിക്കുവാൻ നമ്മെ

നിർബന്ധിക്കുന്നു. ഗാഡ്ഗിൽ റിപ്പോർട്ടോ കസ്തൂരിരംഗൻ റിപ്പോർട്ടോ ഏതാണ് നടപ്പിലാക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച അന്തിമതീരുമാനം ഒരുമാസത്തിനകം അതായത്, സെപ്തംബർ 30–ന് മുൻപ് അറിയിക്കണമെന്നാണ് കേന്ദ്രസർക്കാരിന് ട്രൈബ്യൂണൽ നൽകിയിരിക്കുന്ന ഉത്തരവ്. രണ്ടുറിപ്പോർട്ടുകളും ഒരേപോലെ കർഷകദ്രോഹപരവും അസ്വീകാര്യവുമാണ് എന്നതാണ് സത്യം. ഈ പശ്ചാത്തലത്തിലാണ് ഇങ്ങനെ ഒരു സർക്കുലറെഴുതാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നത്.

പശ്ചിമഘട്ടസംരക്ഷണവുമായി ബന്ധപ്പെട്ട ഒട്ടനവധി നല്ല നിർദ്ദേശങ്ങൾ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിലുണ്ട്. അവയെല്ലാം നമ്മൾ അംഗീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. എന്നാൽ അവയിലെ പല നിർദ്ദേശങ്ങളും ഇവിടെ ജീവിക്കുന്ന മനുഷ്യരെയും സംസ്ഥാനത്തിന്റെ പ്രത്യേകതകളെയും കണക്കിലെടുക്കാതെയുള്ളവയാണെന്ന് പറയാതെ തരമില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പരിസ്ഥിതിസംരക്ഷണം ഉറപ്പാക്കുന്നതിനുതകുന്ന ഫലപ്രദമായ ഒട്ടനവധി നിയമങ്ങളും പദ്ധതികളും കേരളത്തിൽ വർഷങ്ങളായി നിലവിലുണ്ട്. അവ കർശനമായി പാലിക്കപ്പെടുന്നുമുണ്ട്. അതുകൊണ്ടാണല്ലോ മറ്റു പല സംസ്ഥാനങ്ങളെയുംകാൾ കൂടുതൽ വനഭൂമി ഇവിടെയുള്ളതും വനഭൂമിയുടെ വിസ്തൃതി കൂടിക്കൊണ്ടിരിക്കുന്നതും. മണ്ണെടുപ്പ്, പാറപൊട്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പശ്ചിമഘട്ടമേഖലകളിൽ ഇപ്പോഴും തുടരുന്നുണ്ടെങ്കിലും അവ കർശനമായി നിയന്ത്രിക്കാവുന്നതാണ്. അതിനുവേണ്ട നിയമങ്ങളും ഇവിടെയുണ്ട്. തന്നെയുമല്ല, പശ്ചിമഘട്ടമേഖലകളിൽ കൃഷിചെയ്തു താമസിക്കുന്ന ജനവിഭാഗത്തിന് ഇത്തരം പ്രവർത്തനങ്ങളിൽ യാതൊരു പങ്കുമില്ല. അതിൽ സിംഹഭാഗവും റോഡ്, പാലം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കും പട്ടണങ്ങളിലെ വൻകിട കെട്ടിടനിർമ്മാണ പ്രവർത്തങ്ങൾക്കും വേണ്ടിയാണ്. അതുപോലെ, ഏതാണ്ട് അൻപത് വർഷങ്ങൾക്കുമുൻപുവരെ രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം കർഷകർക്ക് അജ്ഞാതമായിരുന്നു. ഇതെല്ലാം കർഷകരുടെമേൽ അടിച്ചേല്പിച്ചത് സർക്കാരുകളും ഇവിടുത്തെ കൃഷിവിദഗ്ധരുമാണ്. അവ പരിമിതപ്പെടുത്തുന്നതിനും ഉപേക്ഷിക്കുന്നതിനും പുതിയ നിയമങ്ങളുടെ ആവശ്യമില്ല.

പൂർണ്ണമായും ജൈവകൃഷിയിലേയ്ക്ക് തിരിയുമ്പോഴുണ്ടാകുന്ന ഉല്പാദനനഷ്ടം പരിഹരിയ്ക്കാൻ സാമ്പത്തിക സബ്സിഡിയും ബോധവല്ക്കരണവും ഉണ്ടായാൽമാത്രം മതിയാകും.

കേരളത്തിന്റെ മറ്റൊരു പ്രത്യേകത, മറ്റുസംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇവിടുത്തെ കാർഷികമേഖലയുടെ സിംഹഭാഗവും മലയോരമേഖലകളിലാണ് എന്നതാണ്. അവയെല്ലാം ജനനിബിഡമായ ആവാസകേന്ദ്രങ്ങളുമാണ്. ഈ നാട്ടിൽ ശുദ്ധജലവും ശുദ്ധവായുവും പച്ചപിടിച്ച കൃഷിത്തോട്ടങ്ങളും നിലനിർത്തുന്നത് ഈ പ്രദേശങ്ങളിലെ കർഷകജനതയാണ്. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന സുഗന്ധവ്യജ്ഞനങ്ങളും സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഭക്ഷ്യഉല്പന്നങ്ങളും കൃഷിചെയ്തുണ്ടാ ക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നതും ഈ മലയോരജനതയാണ്. അവരെ ഉന്മൂലനം ചെയ്യാനും വനമേഖലകളെല്ലാം സാമൂഹികവിരു ദ്ധരുടെയും തീവ്രവാദികളുടെയും ഒളിസങ്കേതങ്ങളാക്കാനും മാത്രമേ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉപകരിക്കൂ. ഒരുകാലത്ത് ഇവിടെ സമൃദ്ധമായിരുന്ന നെൽകൃഷി അന്ന് പുരോഗമനപരമെന്ന് വിശേഷിപ്പിച്ച ചില നടപടികളിലൂടെ ഏതാണ്ടു തുടച്ചു നീക്കിയതുപോലെ, കൃഷിതന്നെ ഇവിടെ ഇല്ലാതാക്കുന്നതിനു വേണ്ടിയുള്ള ആരുടെയൊക്കെയോ ഗൂഢാലോചനയുടെ ഭാഗമായി ഈ റിപ്പോർട്ടുകളെ ജനം വ്യാഖ്യാനിക്കുന്നെങ്കിൽ അതിൽ തെറ്റുപറയാനാ കുമോ? റിപ്പോർട്ടുതയ്യാറാക്കിയവർ ഇവിടുത്തെ സാഹചര്യങ്ങൾ വേണ്ടവിധം പഠിക്കുകയോ കർഷകരുടെ വികാരങ്ങൾ കണക്കിലെടു ക്കുകയോ ചെയ്തിട്ടില്ല. പട്ടണങ്ങളിലെ എ.സി. മുറികളിലും എ.സി. കാറുകളിലുമിരുന്ന് ഭൂപടത്തിന്റെ സഹായത്തോടെമാത്രം രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ വെറും നിർദ്ദേശങ്ങൾ മാത്രമാണ്. പാർലിമെന്റോ നിയമസഭകളോ ജനപ്രതിനിധികളോ ഈനാട്ടിലെ മഹാഭൂരിപക്ഷംവരുന്ന കർഷകരോ അതിൽ പങ്കാളികളല്ല. അവയെ നിയമങ്ങളാക്കി എടുക്കാനുള്ള ഏതൊരു നീക്കത്തെയും ജനം ശക്തമായി പ്രതിരോധിയ്ക്കും.

സംരക്ഷിതമേഖലകളിൽനിന്ന് ആരെയും ഇറക്കിവിടില്ല എന്ന ന്യായീകരണമാണ് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗങ്ങളിൽനിന്നുപോലും നിരന്തരം കേൾക്കുന്നത്. വലിയൊരു കൗശലബുദ്ധി ഇതിന്റെ പിന്നിൽ ഒളിഞ്ഞുകിടപ്പുണ്ട്. അടിസ്ഥാനസൗകര്യങ്ങളെല്ലാം

കാലക്രമത്തിൽ നഷ്ടപ്പെട്ട്, ആസ്പത്രികളും സ്കൂളുകളും ആരാധനാലയങ്ങളും ഇല്ലാതെ, വിഷജീവികളുടെയും ഹിംസ്രജന്തുക്കളുടെയും വിഹാരകേന്ദ്രമായി മാറിയ ഒരു ഭൂപ്രദേശത്ത് മനുഷ്യർക്ക് കുടുംബങ്ങളായി താമസിക്കാൻ സാധിക്കുകയില്ല എന്ന് ഏവർക്കുമറിയാം. ഗതിമുട്ടി എല്ലാം ഇട്ടെറിഞ്ഞ് ജനങ്ങൾ ഇറങ്ങിപ്പൊയ്ക്കൊള്ളും എന്നാണ് കണക്കുകൂട്ടൽ. മുതുമല വന്യമൃഗസംരക്ഷണ കേന്ദ്രത്തോടുചേർന്നുള്ള സംരക്ഷിതമേഖലയിൽ താമസിച്ചുപോന്ന ഒരു കർഷകനെ വീട്ടുപരിസരത്തുവെച്ച് കാട്ടാന ചവിട്ടിക്കൊന്നത് ഏതാനും ദിവസങ്ങൾക്കു മുൻപാണല്ലോ. കുറ്റ്യാടി പ്രദേശത്തെ പൂഴിത്തോട്ടിൽ ചെന്നായ്ക്കളിറങ്ങി ഒരു പാവപ്പെട്ട കർഷകന്റെ ആടുകളെ കൊന്നുതിന്നതും വാർത്തയായിരുന്നു. നഷ്ടപരിഹാരമൊന്നും നൽകാതെ, ജീവിതമാർഗ്ഗം കാണിച്ചു കൊടുക്കാതെ, ഒരു ജനതയെ മുഴുവൻ സാവധാനം പുകച്ചുപുറത്താ ക്കാമെന്ന ചിന്തയുണ്ടെങ്കിൽ അത് നടപ്പാവുകയില്ല. ഇടുക്കി ജില്ലയിൽ കർഷകർക്ക് നൽകാനായി തയ്യാറാക്കിവെച്ചിരുന്ന ആയിരക്കണക്കിന് പട്ടയങ്ങൾ നൽകേണ്ടതില്ലെന്ന് അടുത്തദിവസങ്ങളിൽ തീരുമാന മുണ്ടായി. വർഷങ്ങളായി കൃഷികൊണ്ടുമാത്രം ഉപജീവനം കണ്ടെത്തിയിരുന്ന കർഷകരെ സാവധാനം കൃഷിഭൂമിയിൽനിന്ന് ഒഴിവാക്കാനുള്ള ഗൂഢപദ്ധതിയുടെ ഭാഗംതന്നെയായി ഈ നീക്കത്തെ കാണണം. ഈ നാട്ടിലെ നീതി നിഷേധിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ജനനേതാക്കളെന്ന നിലയിൽ ഞങ്ങളും മുൻപന്തിയിൽത്തന്നെയുണ്ടാകും. പശ്ചിമഘട്ടസംരക്ഷണത്തോടൊപ്പം, ദീർഘകാലമായി കൃഷികൊണ്ടുമാത്രം ഉപജീവനം കണ്ടെത്തുന്ന ജനങ്ങളുടെ അവകാശങ്ങൾകൂടി സംരക്ഷിക്കപ്പെടണം എന്നത് സാമാന്യനീതി മാത്രമാണ്. ഈകാര്യം ഉറപ്പാക്കുന്നതിന് ഈ രാജ്യത്തെ ജനപ്രതിനിധികൾക്കും സർക്കാരുകൾക്കും കടമയുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട്, കൃഷിയും പരിസ്ഥിതിയും പശ്ചിമഘട്ടവും സംരക്ഷിക്കുന്നതിന് പര്യാപ്തമായ, യഥാർത്ഥ്യബോധമുള്ള ഒരു ബദൽ റിപ്പോർട്ട് കർഷകരുടെയും കർഷകസംഘടനകളുടെയും ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും സഹകരണത്തോടെ തയ്യാറാക്കി കേരളസർക്കാർ അടിയന്തിരമായി കേന്ദ്രസർക്കാരിന് സമർപ്പിയ്ക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

മലയാളികളെ സംബന്ധിച്ചിടത്തോളം ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമാണുള്ളത്. അതിനാൽത്തന്നെ അവയുടെ വിലയുടെ കാര്യത്തിൽ നമുക്ക് നിയന്ത്രണമൊന്നുമില്ല. ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കൾക്കുണ്ടാകുന്ന വിലക്കയറ്റം നമുക്ക് അനുഭവമാണല്ലോ. പരാശ്രയം ഒഴിവാക്കണമെങ്കിൽ ഇവിടെ ആവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ ഇവിടെത്തന്നെ ഉണ്ടാകണം. അതിനുള്ള തീവ്രശ്രമങ്ങൾ അടിയന്തിരമായും ഉണ്ടാകേണ്ട സാഹചര്യത്തിൽ നിലവിലുള്ള കൃഷികൾപോലും ഇല്ലാതാകുന്ന അവസ്ഥ ആത്മഹത്യാപരമാണ്. വന്യമൃഗങ്ങളുടെ അതിരൂക്ഷമായ ശല്യംനിമിത്തം മലയോരമേഖലകളിൽ ഭക്ഷ്യ ഉല്പന്നങ്ങളുടെ കൃഷി ഇപ്പോൾത്തന്നെ ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. മറ്റ് കൃഷികളും അസാധ്യമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ ഈ പ്രത്യേക സാഹചര്യം കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തേണ്ട ഗൗരവമായ ഉത്തരവാദിത്വം നമ്മുടെ ജനപ്രതിനിധികൾക്കും സർക്കാരിനുമുണ്ട് എന്നകാര്യം ഞങ്ങൾ അടിവരയിട്ട് പറയുകയാണ്.

ഇതോടൊപ്പം ഒരുകാര്യംകൂടി സൂചിപ്പിക്കട്ടെ. പരിസ്ഥിതി സംരക്ഷണം പശ്ചിമഘട്ടത്തിലും മലയോരമേഖല കളിലുംമാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല. കാരണം, ഭൂമിയുടെ മലിനീകരണം മുഖ്യമായും നടക്കുന്നത് ഗ്രാമങ്ങളിലല്ല, പട്ടണങ്ങളിലാണ്. പട്ടണങ്ങളിലെ വ്യവസായശാലകളും പെരുകിവരുന്ന വാഹനങ്ങളും എ.സി. കൊട്ടാരങ്ങളും മാലിന്യ കൂമ്പാരങ്ങളുമാണ് അന്തരീക്ഷ മലനീകരണത്തിന്റെ പ്രധാനകാര ണങ്ങൾ. ഭൂമിയുടെ രക്ഷകരായി അവതരിച്ചിരിക്കുന്നവർ ഈ കാര്യങ്ങൾ സൗകര്യപൂർവ്വം മറന്നുകൊണ്ട് ഭക്ഷണം ഉല്പാദിപ്പിക്കുന്ന പാവപ്പെട്ട കർഷകരെമാത്രം ബലിയാടുകളാക്കുന്നത് ശരിയല്ല. അതിനാൽ, പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തി നുവേണ്ടി ഉണ്ടാക്കുന്ന നിയമങ്ങൾ രാജ്യത്തെ മുഴുവൻ ഭൂപ്രദേശങ്ങൾക്കും ബാധകമായിരിക്കണം.

ജനാധിപത്യസംവിധാനത്തിൽ പൗരന്മാർക്ക് നീതി നിഷേധിക്കപ്പെടുമ്പോൾ സമാധാനപരമായി പ്രതികരിക്കാൻ അവർക്ക് അവകാശവും കടമയുമുണ്ട്. പ്രശ്നത്തിന്റെ രൂക്ഷത ജനപ്രതിനിധികളുടെയും സർക്കാരുകളുടെയും ശ്രദ്ധയിൽപ്പെടുത്താൻ സംഘടിതമായ

നീക്കംതന്നെ ഉണ്ടാകണം. നാടിന്റെ നന്മയ്ക്കുവേണ്ടിയുള്ള, പ്രത്യേകിച്ച് സാധാരണജനത്തിന്റെ ജീവിക്കാനുള്ള അവകാശങ്ങൾക്കു വേണ്ടിയുള്ള, സമാധാനപരമായ ജനമുന്നേറ്റത്തിൽ ഞങ്ങൾ നിങ്ങളോടൊപ്പമുണ്ടാകും എന്ന് ഇതിനാൽ ഉറപ്പുതരുന്നു.

എന്ന്,

മലബാർ മേഖലയിലെ കത്തോലിക്കാ മെത്രാന്മാർക്കുവേണ്ടി

**മാർ ജോർജ് വലിയമറ്റം**

ആർച്ച് ബിഷപ്പ്, തലശ്ശേരി അതിരൂപത

---

**NB:- ഈ സർക്കുലർ 2013 സെപ്റ്റംബർ മാസം 29-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# DECLARATION

Prot.No.14180/ 2013

It is hereby brought to the attention of all that Rev Fr Joseph alias Benny Veliyath, until now a member of the eparchial clergy of Mananthavady, has informed the eparchial bishop of Mananthavady, of his definitive and non-retractable decision, for personal reasons, to leave priesthood and to return to secular life and that he has done so, with effect from 30th September 2013. Therefore after mature consideration and due consultations, the undersigned bishop of Mananthavady, has suspended him from the exercise of all his priestly faculties with immediate effect. Until otherwise provided, his priestly faculties remain suspended and he shall not be admitted for exercise of any of those faculties either inside or outside the eparchy of Mananthavady.

Issued from the office of the bishop of Mananthavady on 1st October 2013.

**Bishop Jose Porunnedom**
Bishop of Mananthavady

Fr. Joseph Paruvummel
Chancellor

# രൂപതാകച്ചേരി വാർത്തകൾ

**ജപമാല മാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരാനും പരി. അമ്മയുടെ മാധ്യസ്ഥം നേടാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 20**

ഒക്ടോബർ മാസം 20-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾ വരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും മിഷൻ ഞായർ ആഘോഷവും. ഈയവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ച തുക കഴിവതും നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**സ്നേഹാനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി.ബലികളിലും നമുക്കോർക്കാം. ഒക്ടോബർ 26-ന് സീയോൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി.ബലിയും

ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. നവംബർ 3-ാം തീയതി ഞായറാഴ്ച യായതിനാൽ 4-ാം തീയതിയായിരിക്കും ബഹു. മൂലക്കുന്നേലച്ചനു വേണ്ടിയുള്ള വി. ബലിയും ഒപ്പീസും.

## Young Priests' Course

യുവവൈദികർക്കുവേണ്ടിയുള്ള കോഴ്സ് 2014 ഫെബ്രുവരി 12-ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ 14-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 1 മണി വരെയായിരിക്കും. 2003 ഡിസംബറിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ യുവവൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്ന് ആർക്കും ഒഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളോ, ഇടവകയിലെയോ, സ്ഥാപനത്തിലേയോ സംഘടനയിലെയോ കാര്യങ്ങളോ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിന് വരുമ്പോൾ 2007-ൽ പ്രസിദ്ധീകരിച്ച രൂപതാ നിയമാവലി പഠിച്ച് വരേണ്ടതാണ്. കോഴ്സിന്റെ ഇടയിൽ നിയമാവലിയെക്കുറിച്ച് പരീക്ഷയും ഉണ്ടായിരിക്കുന്നതാണ്.

## പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2013 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്തു മുഖേന അറിയിച്ചിട്ടുണ്ട്. രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെയായിരിക്കും യോഗം. ഏതെങ്കിലും കാരണവശാൽ കത്ത് ലഭിക്കാതെ വന്നാൽ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

## ആശംസകൾ

റോമിൽ ഉപരിപഠനം ആരംഭിച്ചിരിക്കുന്ന ബഹു. ബിനു വടക്കേൽ അച്ചന് വിജയാശംസകൾ. വിയാനിഭവൻ ഡയറക്ടർ, രൂപതാകുടുംബ പ്രേഷിതത്വത്തിന്റെ അസി.ഡയറക്ടർ എന്നീ നിലകളിൽ ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു.

Rev. Fr. Emmanuel Vadakkel
Pontificium Collegium Lateranense
Viale Alessandrino 675, Roma 00172, Italy
Mob: 00393348447704, Land: 0039062510403
Email: frvadakkel@yahoo.co.in

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

## HDC സംഗമം

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പ പ്രഖ്യാപിച്ച വിശ്വാസവർഷാചരണം നവംബർ 24 ന് സമാപിക്കുകയാണല്ലോ. സഭാപ്രബോധനങ്ങളും സഭാപഠനങ്ങളും കൂടുതലായി വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യേണ്ട കാലഘട്ടമാണ് വിശ്വാസവർഷം എന്ന് വിശ്വാസവർഷ ഉദ്ഘാടനത്തിൽ പരി. പിതാവ് ഓർമ്മിപ്പിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ, വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് നവംബർ 23-ാം തീയതി ശനിയാഴ്ച HDC കോഴ്സ് പൂർത്തിയാക്കിയ എല്ലാവരുടെയും ഇപ്പോൾ കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നവരുടെയും ഒരു സംഗമം നടത്തുവാൻ ആഗ്രഹിക്കുന്നു. ഫ്രാൻസിസ് പാപ്പയുടെ പ്രഥമ ചാക്രിക ലേഖനം 'ലൂമെൻ ഫീദെയ്' യുടെ പ്രസക്തിയും പ്രാധാന്യവും കൂടുതൽ മനസിലാകത്തക്ക രീതിയിലുള്ള ക്ലാസുകളും ചർച്ചയുമാണ് ഈ സംഗമം ലക്ഷ്യം വെക്കുന്നത്. ദ്വാരക പാസ്റ്ററൽ സെന്ററിൽ നവംബർ 23 ശനിയാഴ്ച നടത്തപ്പെടുന്ന സംഗമം 9.30 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലുള്ള വി. ബലിയോടെ ആരംഭിക്കും. HDC കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നവരെയും കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും സ്നേഹപൂർവ്വം ഈ സംഗമത്തിലേക്ക് ക്ഷണിക്കുന്നു. ബഹു. ഹെഡ്മാസ്റ്റേഴ്സ് ഈ വിവരങ്ങൾ HDC സംഗമത്തിൽ പങ്കെടുക്കേണ്ടവരെ അറിയിക്കണം എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## വിശ്വാസോത്സവം

ഈ വർഷത്തെ വിശ്വാസോത്സവം നവംബർ 9, 10 തീയതികളിലാണ് നടത്തേണ്ടത്. വിശ്വാസവർഷത്തിന്റെ ചൈതന്യത്തിൽ ഈ വിശ്വാസോത്സവം ഉപകാരപ്രദമായി നടത്തുവാൻ അദ്ധ്യാപകർ മുൻകൂട്ടി ഒരുങ്ങണം എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

**HDC** - രണ്ടാം വർഷക്കാരുടെ ക്ലാസ് ദ്വാരകയിൽ ഒക്ടോബർ 5 നും 19 നു മാണ്. ഒക്ടോബർ 12 ന് ബത്തേരിയിൽ വച്ചായിരിക്കും ക്ലാസ്സ് നടക്കുക.

**ഫാ. റോയി വട്ടക്കാട്ട്** - മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

നമ്മുടെ ആത്മീയ ഉത്സവ ദിനങ്ങളാണ് ഒക്ടോബർ മാസം. മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഇടവകകളിൽ ഈ മിഷൻമാസത്തിൽ കൂടുതൽ സജീവമാകും. മിഷൻ മാസാചരണവും മിഷൻഞായർ ആഘോഷവുമെല്ലാം ഒരു മിഷൻലീഗ് അംഗമെന്ന നിലയിൽ നമ്മുടെ ദൗത്യത്തിലേയ്ക്ക് നമ്മെ കൈപിടിച്ചുയർത്താൻ സഹായിക്കട്ടെ.

അഡോൾഫ് ഹിറ്റ്ലർ തന്റെ ആവേശകരമായ പ്രസംഗങ്ങളിൽ ജർമ്മൻ ജനതയ്ക്ക് ഇട്ടുകൊടുത്ത ഒരു ചോദ്യമുണ്ട്. "തകർന്നു കിടക്കുന്ന ജർമ്മനിയെ രക്ഷിക്കാൻ നിങ്ങൾ എന്തു ചെയ്തു? എന്തുചെയ്യുന്നു? ഇനി എന്തു ചെയ്യും?" ഉത്തരം അയാൾ തന്നെ ചൊല്ലികൊടുക്കും. "ഞങ്ങൾ ജർമ്മനിക്കും നാസികക്ഷിക്കും വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യും." അതായിരുന്നു നാം കണ്ട രണ്ടാം ലോകമഹായുദ്ധം. ഈ ചോദ്യം മറ്റൊരു രൂപത്തിൽ നമ്മുടെ മുമ്പിലേക്ക് ഇട്ടുതന്നാൽ എന്തുത്തരം നല്കാനാകും. തോമാശ്ലീഹാ മുതൽ അനേകർ വിലകൊടുത്തു നേടിയെടുത്ത നാമിന്നനുഭവിക്കുന്ന ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി നാം എന്തു ചെയ്തു? എന്തുചെയ്യുന്നു? എന്തു ചെയ്യാവാനിരിക്കുന്നു? മിഷൻമാസാചരണം നമുക്ക് ആത്മശോധനയുടെ അവസരമാകട്ടെ.

ജീവിതത്തിന്റെ ഏതു മേഖലയിലാണെങ്കിലും ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യാൻ, സ്വന്തം ജീവിതം കൊണ്ട് ക്രിസ്തുവിന് സാക്ഷ്യമേകാൻ ഓരോ മിഷൻലീഗ് അംഗത്തിനും കടമയുണ്ട്. മനോഹരമായ ഒരു പുഷ്പം തന്റെ സുഗന്ധത്തിലൂടെ മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കുന്നതുപോലെ ക്രിസ്തുവിന്റെ സൗരഭ്യം മറ്റുള്ളവരിലേക്ക് സ്വന്തം ജീവിതത്തിലൂടെ പകർന്നു കൊടുത്ത് മറ്റുള്ളവരെ

ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ നമുക്ക് സാധിക്കണം. ഏവർക്കും മിഷൻമാസത്തിന്റെ മംഗളങ്ങൾ

ഒത്തിരി സ്നേഹത്തോടെ

**സോണിയച്ചൻ**

## രൂപത ബൈബിൾ കലോത്സവം - ഒക്ടോബർ 12 ന്

മിഷൻലീഗ് അംഗങ്ങളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി തങ്ങളുടെ സർഗ്ഗശേഷി വളർത്തുവാനും കണ്ടെത്തുവാനും സംഘടിപ്പിക്കുന്ന ബൈബിൾ കലോത്സവം ഒക്ടോബർ 12 ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു. 12 മേഖലകളിൽ നിന്ന് മത്സരം കഴിഞ്ഞ് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് രൂപതാമത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്നവർ നന്നായി പരിശീലിച്ച് രൂപത മത്സരത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലാമത്സരത്തിൽ സിംഗിൾ ഐറ്റത്തിൽ ഫസ്റ്റും സെക്കന്റും കിട്ടിയവർക്കും ഗ്രൂപ്പ് ഐറ്റത്തിൽ ഫസ്റ്റ് കിട്ടിയവർക്കും ആണ് രൂപത മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളത്. മത്സരങ്ങൾ രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. 11 സ്റ്റേജുകളിലായി നടത്തുന്ന മത്സരത്തിൽ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. ശാഖ, മേഖല ഭാരവാഹികളെ പ്രത്യേകം ക്ഷണിക്കുന്നു.

## മിഷൻമാസം

ചെറുപുഷ്പ മിഷൻലീഗിന് ഒക്ടോബർ മാസം വളരെ പ്രാധാന്യമുള്ളതാണ്. മിഷൻ മാസപ്രവർത്തനങ്ങൾ മുൻകൂട്ടി ആലോചിച്ച് ക്രമപ്പെടുത്തുവാൻ ശാഖ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## രൂപത ടീം മീറ്റിംഗ്

രൂപത പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന രൂപത ടീം അംഗങ്ങളുടെ മീറ്റിംഗ് ഒക്ടോബർ 11-ാം തീയതി പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രസ്തുത മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സാഹിത്യശിൽപശാല

സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവർക്കായി സാഹിത്യ ശില്പശാല 20 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്നു. ഷാജി ചന്ദനപറമ്പിൽ, തോമസ് കല്ലറയ്ക്കൽ, ഫാ. ജെയ്സ് ചെട്ട്യാശ്ശേരി, ഫാ. ജോയി തുരുത്തേൽ എന്നിവർ നേതൃത്വം നൽകി.

**മേഖലാ കലാമത്സരങ്ങൾ**

മേഖലാ കലാമത്സരങ്ങൾ മനോഹരമായി ക്രമീകരിച്ച ഡയറക്ടേഴ്സിനും ജോയിന്റ് ഡയറക്ടേഴ്സിനും മറ്റു ഭാരവാഹികൾക്കും രൂപത സമിതിയുടെ അഭിനന്ദനങ്ങൾ നേരുന്നു.

**അടുത്ത് 2013**

ശാഖാ സന്ദർശനത്തിനായി, കൊട്ടിയൂർ, പുൽപ്പള്ളി, നടവയൽ, മണിമൂളി, നിലമ്പൂർ എന്നീ മേഖലകളിൽ ഫാ. സോണി വടയാപറമ്പിൽ, സി. ലിസ അലക്സ്, ജോയി മേപ്പാടത്ത്, രഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, ഷിനു കളർതൊട്ടി, സണ്ണി വാഴക്കമലയിൽ, ബിനു പാറാനിയിൽ, ജിജിൽ കിഴക്കരക്കാട്ട്, ഫാ. സാന്റോ എം.സി.ബി.എസ്., സി. അർച്ചന സി.എം.സി., സി. സജിലി എസ്.കെ.ഡി., സി. തെരസ് എസ്.എ.ബി.എസ്., സി. ഡാനി മരിയ എസ്.എ.ബി.എസ്., സി. പ്രശാന്തി എം.എസ്.എം.ഐ., സി. റ്റെയിസി എസ്.എച്ച്., ജോസ് മുണ്ടിയാനി, സുധീഷ് ഇടത്തുപറമ്പിൽ, ശാലു തൈപറമ്പിൽ, ദിൽന കാവനമാലിൽ, ഡോളി പാറേക്കുടിയിൽ, സാബു ഊളവള്ളിക്കൽ, ബിജു ചിറ്റേടം, ടോം ജോസ് പൂവക്കുന്നേൽ, അരുൺ കുന്നത്ത് എന്നിവർ നേതൃത്വം നൽകി.

**കുഞ്ഞേട്ടനനുസ്മരണം**

ചെറുകാട്ടൂർ ഇടവകയിൽ വച്ച് കുഞ്ഞേട്ടനനുസ്മരണം രൂപതാ നേതൃത്വത്തിൽ നടത്തി. രൂപതാഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ, അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. ചെറുകാട്ടൂർ ഇടവക വികാരി റവ. ഫാ. ജോർജ് തേരകം മുഖ്യസന്ദേശം നൽകി. രഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, തങ്കച്ചൻ മാപ്പിളകുന്നേൽ, ബേബി ചെറുകാട്ട് എന്നിവർ പ്രസംഗിച്ചു.

**അധ്യാപകദിനം**

ചെറുകാട്ടൂർ ഇടവകയുടെയും മാനന്തവാടി രൂപതയുടെയും നേതൃത്വത്തിൽ അധ്യാപകദിനം ആചരിച്ചു. തങ്കച്ചൻ മാപ്പിളകുന്നേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി രഞ്ജിത്ത് മുതുപ്ലാക്കൽ, ഓർഗനൈസർ ബിനു മാങ്കൂട്ടം, ഫാ. സാന്റോ എം.സി.ബി.എസ്., ഷെപ്പേഡ് മഠത്തിപറമ്പിൽ എന്നിവർ ആശംസകളറിയിച്ചു. ഫാ. ജോർജ് തേരകം മുഖ്യസന്ദേശം നൽകി.

**ഫാ. ജോസഫ് മാലിപറമ്പിൽ അനുസ്മരണം**

ചെറുകാട്ടൂർ ഇടവകയിൽ വെച്ച് സ്ഥാപക ഡയറക്ടർ ജോസഫ് മാലിപറമ്പിൽ അനുസ്മരണം നടത്തി. ഫാ. ജോർജ് തേരകം, ഫാ.

സോണി വടയാപറമ്പിൽ, മാത്യു ഐക്കരമറ്റം, രഞ്ജിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, തങ്കച്ചൻ മാപ്പിളകുന്നേൽ, സി. വചന എം.എസ്.ജെ. എന്നിവർ നേതൃത്വം നൽകി.

## വി.എസ്. വർഗീസ് മാസ്റ്റർ അനുസ്മരണം

രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ ചെറുകാട്ടൂർ ഇടവകയിൽ വച്ച് വി.എസ്. വർഗീസ് മാസ്റ്റർ അനുസ്മരണം നടത്തി.

## സംസ്ഥാന സാഹിത്യ മത്സരം

സംസ്ഥാന സാഹിത്യമത്സരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. മാനന്തവാടി രൂപത ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു.

## പലതുള്ളി തന്ന ശാഖകൾ

മംഗളം-250, ഒലിവുമല-192, അമ്പായത്തോട്-250, നെല്ലിയോടി -300, പുഴമുടി-100, കല്പറ്റ-500, പാറത്തോട്ടം-150, കൊളവയൽ-300, പോരൂർ-400, അപ്പപ്പാറ-30, നടവയൽ-1500, ഇരുളം-200, വിളമ്പുകണ്ടം-155.

## മേഖലാവാർത്തകൾ

**മാനന്തവാടി –** ശാഖാസന്ദർശനം നടത്തി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എമ്മാവൂസ് വില്ല സന്ദർശനം നടത്തി.

**കൊട്ടിയൂർ –** ഡയറക്ടർ ബിജു തൊണ്ടിപറമ്പിലച്ചനെ വിയാനിദിനത്തോടനുബന്ധിച്ച് ആദരിച്ചു. ശാഖാ ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി.

**തരിയോട് –** മാനേജിംഗ് കമ്മറ്റികൂടി, വിയാനിഭവൻ സന്ദർശിച്ചു.

## ശാഖാ വാർത്തകൾ

*അറുവങ്കാട് :–* ജപമാല സൈന്യം രൂപീകരിച്ചു.

*വിളമ്പുകണ്ടം:–* കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

*കയ്യൂന്നി :–* ജാഗരണ പ്രാർത്ഥന നടത്തി.

*കരിമാനി :–* കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

*പനംചിറ :–* ദേവാലയം വൃത്തിയാക്കി.

*മീനങ്ങാടി :–* വിയാനിദിനത്തോടനുബന്ധിച്ച് ചുമർപത്രം തയ്യാറാക്കി. 'ദൈവവിളി' സംവാദം നടത്തി.

*മുണ്ടേരി :–* 'സമാദരം' – 70 വയസിനുമുകളിൽ പ്രായമായ മാതാപിതാക്കന്മാരെ പള്ളയിൽ കൊണ്ടുവന്ന് പൊന്നാടയണിയിച്ച് ആദരിച്ചു.

*ചൂരൽമല :–* ഫാ. ബെന്നി സി.എസ്.റ്റി.യുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. കെ.സി.വൈ.എം. നടത്തിയ ക്വിസ് മത്സരത്തിൽ പങ്കെടുത്തു.

*കുന്നലാടി :-* വ്യക്തിത്വ വികസനത്തെകുറിച്ച് സെമിനാർ നടത്തി. പിതൃ ദിനം ആഘോഷിച്ചു.
*പാലേമാട് :-* സിമിത്തേരി, പള്ളിപരിസരം ശുചീകരിച്ചു. ഗാനപരിശീലനം നടത്തി.
*ഞാറപ്പാടം :-* വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.
*തൃശിലേരി :-* ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം ആചരിച്ചു. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.
*മംഗലശേരി :-* പള്ളിപരിസരം വൃത്തിയാക്കി.
*പുൽപ്പള്ളി :-* ഇടവക തലത്തിൽ നടത്തിയ സെമിനാറിൽ സി.എം. എൽ. അംഗങ്ങൾ പങ്കെടുത്തു.
*തോണിച്ചാൽ :-* Sunday Star നെ തെരഞ്ഞെടുത്തു.
*പഴൂർ :-* 'ഹരിതം' പച്ചക്കറികൾക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.
*പൂളപ്പാടം :-* ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.
*പാലാങ്കര :-* രോഗീസന്ദർശനം നടത്തി.
*മഞ്ഞൂറ :-* ആരാധന നടത്തി.
*ബോയ്സ്ടൗൺ :-* കന്ദമാൻദിനാചരണത്തോടനുബന്ധിച്ച് റാലി നടത്തി.
*പ്രശാന്തഗിരി :-* ഭവനസന്ദർശനം നടത്തി.
*പുതിയിടംകുന്ന് :-* 13 മണി ആരാധന നടത്തി.
*ചുങ്കക്കുന്ന് :-* അൾത്താര ശുശ്രൂഷകർക്ക് പരിശീലനം നൽകി.
*വഞ്ഞോട് :-* കുഞ്ഞോം ശാന്തിഭവനിൽ ഭക്ഷണസാധനങ്ങൾ നൽകി.
*കാട്ടിക്കുളം :-* ഗ്രൂപ്പ് ലീഡേഴ്സിന്റെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി.
*വെള്ളൂന്നി :-* ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ഡയറക്ടർ ക്ലാസെടുത്തു.
*വാളാട് :-* വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.
*വാകേരി :-* സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു.
*ധർമ്മഗിരി :-* കുഞ്ഞേട്ടൻ എക്സിബിഷൻ നടത്തി.
*ജൂഡ്സ്മൗണ്ട് :-* ബൈബിൾ ക്വിസ് നടത്തി.
*തെനേരി :-* കൊളാഷ് നിർമ്മിച്ച് പ്രദർശിപ്പിച്ചു.
*യവനാർകുളം :-* പൂന്തോട്ട നിർമ്മാണം നടത്തി.
*കല്ലുമുക്ക് :-* പരിസരം വൃത്തിയാക്കി.
*ബത്തേരി :-* രോഗീസന്ദർശനം നടത്തി.
*കുറുമണി :-* കന്ദമാലിൽ രക്തസാക്ഷിത്വം വരിച്ചവരെ അനുസ്മരിച്ച് റാലി നടത്തി.
*പട്ടാണികൂപ്പ് :-* വിശുദ്ധരെ സംബന്ധിച്ച് ക്വിസ് നടത്തി

*ആടിക്കൊല്ലി :-* രോഗീസന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി
*കരിമ്പിൽ :-* പ്രസംഗ പരിശീലനം നടത്തി
*കുറുമ്പാല :-* ക്രിസ്റ്റ്യൻ രക്തസാക്ഷിത്വദിനം ആചരിക്കുകയും റാലി നടത്തുകയും ചെയ്തു.
*പുതിയിടം :-* പോരൂർ വൃദ്ധസദനിൽ 2 ചാക്ക് അരി വിതരണം ചെയ്തു.
*കൊളവയൽ :-* ദൈവവിളി പ്രോത്സാഹനാർത്ഥം അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*മൂലങ്കാവ് :-* കുഞ്ഞേട്ടൻ അനുസ്മരണത്തിന്റെ ഭാഗമായി കുഞ്ഞേട്ടന്റെ മകൾ സി. വെർജിനയുമായി അഭിമുഖവും, കുഞ്ഞേട്ടൻ അനുസ്മരണ ക്വിസ് മത്സരവും നടത്തി.
*അരിഞ്ചേർമല :-* ഗാനപരിശീലനം നടത്തി.
*പാൽചുരം :-* സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് സംഘടന ശക്തീകരണത്തിന്റെ ഭാഗമായി 'നിധിവേട്ട' സംഘടിപ്പിച്ചു.
*നെല്ലിയോടി :-* സ്വാതന്ത്ര്യസമര സേനാനികളെ അനുസ്മരിച്ച് റാലി നടത്തി.
*കമ്മന :-* രോഗീസന്ദർശനം നടത്തി. പള്ളിമുറിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.
*മാർട്ടിൻ നഗർ :-* വി. ജോൺമരിയ വിയാനിയുടെ ചരിത്രം അവതരിപ്പിച്ചു.
*ആറാട്ടുതറ :-* വിശുദ്ധരെ പരിജയപ്പെടുത്തുന്നു.
*കല്ലോടി :-* എയ്ഞ്ചൽമീറ്റ് നടത്തി, 'ഹരിതം' – 100 വാഴനട്ടു.
*പടമല :-* വിയാനിദിനം, കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.
*ചെന്നലോട് :-* സ്കോളർഷിപ്പ് വിതരണം ചെയ്തു.
*മംഗളം :-* വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു.
*കുറ്റിമൂല :-* ഭവനസന്ദർശനം നടത്തി.
*എടപ്പെട്ടി :-* ഭവനനിർമ്മാണ സഹായം – 5000 രൂപ നൽകി.
*അമരക്കുനി :-* അൾത്താരസംഗമം നടത്തി. സാഹിത്യശില്പശാല നടത്തി.
*റൂബിനഗർ :-* പള്ളിയും പരിസരവും വൃത്തിയാക്കി, കായികമത്സരം നടത്തി.
*കൽപ്ര :-* പാവപ്പെട്ട രോഗികൾക്ക് മരുന്ന് നൽകി. ലഹരിവിരുദ്ധ സന്ദേശം നൽകി.
*മക്കിയാട് :-* സിമിത്തേരി സന്ദർശനം നടത്തി. സംഗീതമത്സരം നടത്തി.
*കാവുംമന്ദം :-* തെരുവുനാടക മത്സരം നടത്തി. വിശ്വാസവർഷ ക്വിസ് നടത്തി.
*മാനന്തവാടി ടൗൺ ചർച്ച് :-* കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

*പോരൂർ* :- സാഹിത്യശില്പശാല നടത്തി.
*ചുള്ളിയാന* :- വിശ്വാസവർഷ കൊളാഷുകൾ നിർമ്മിച്ചു. 'ബലൂൺ ഫുഡ്ബോൾ' മത്സരം നടത്തി.
*പുതുശേരിക്കടവ്* :- കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. പള്ളിപരിസരം വൃത്തിയാക്കി.
*പയ്യമ്പള്ളി* :- കാഴ്ചവയ്പിലൂടെ ലഭിച്ച പഠനോപകരണങ്ങൾ കുട്ടികൾക്ക് നൽകി.
*വാളവയൽ* :- ദേവാലയ പരിസരം വൃത്തിയാക്കി. പച്ചക്കറി തോട്ടത്തിനുള്ള സ്ഥലം ഒരുക്കി.
*പാറത്തോട്ടം* :- രോഗീസന്ദർശനം നടത്തി.
*ഒറ്റപ്ലാവ് :- സ്വാതന്ത്ര്യദിന ക്വിസ് നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.*
*കൊട്ടിയൂർ* :- ബിജു തൊണ്ടിപറമ്പിലച്ചന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി. രോഗീസഹായം 2000 രൂപ നൽകി.
*ബെക്കി* :- വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.
*പുതുശേരി* :- സ്വാതന്ത്ര്യദിനത്തിൽ ടൗൺ ശുചീകരണം നടത്തി. മികച്ച കർഷകനെ കണ്ടെത്തി ആദരിച്ചു.
*കബനിഗിരി* :- ചികിത്സാസഹായമായി 1000 രൂപയും, വിദ്യാഭ്യാസ സഹായം 2000 രൂപയും നൽകി.
*അപ്പപ്പാറ* :- കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും, പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.
*തരിയോട്* :- 13 മണി ആരാധനയിൽ പങ്കുകൊണ്ടു. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.
*നടവയൽ* :- ബിനു പാറാനിയുടെ നേതൃത്വത്തിൽ പ്രസംഗ പരിശീലനം നടത്തി. ഓസാനാം ഭവൻ സന്ദർശിച്ച് സാധനങ്ങൾ നൽകി.
*ആലാറ്റിൽ* :- കലാമത്സരം നടത്തി. പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു.
*വാഴവറ്റ* :- ബ്രദർ അനൂപ് വി.കുർബാനയെക്കുറിച്ച് സെമിനാർ നടത്തി
*ചിത്രഗിരി* :- സിമിത്തേരി വൃത്തിയാക്കി. കുഞ്ഞേട്ടൻ അനുസ്മരണ സ്മാരക വൃക്ഷം നട്ടു.
*മുട്ടിയേൽ* :- പള്ളിയും, പരിസരവും വൃത്തിയാക്കി.
*വൈത്തിരി* :- ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്തു.
*ചാരിറ്റി* :- ഭവനസന്ദർശനം നടത്തി. ബ്ര. അഖിൽ സെമിനാർ നടത്തി
*ശിശുമല* :- വചനങ്ങൾ എഴുതി വചനപ്പെട്ടി സ്വയമായി നിർമ്മിച്ചു.

കാഴ്ചവയ്പ്പിലിടെ ലഭിക്കുന്ന പണം ജീവകാരുണ്യ പ്രവർത്തന ങ്ങൾക്കായി ഉപയോഗിക്കുന്നു.

*മണൽവയൽ :–* ലിറ്റർജി പരിശീലനം നടത്തി. കുട്ടികൾക്ക് ജന്മദിനാ ശംസകൾ നേർന്നു.

*അമ്പലവയൽ :–* ദൈവവിളി പ്രോത്സാഹനാർത്ഥം പ്രത്യേക പ്രാർത്ഥന നടത്തി. സാഹിത്യശില്പശാല നടത്തി.

*കേണിച്ചിറ :–* ഭവന നിർമ്മാണത്തിനായി 5000 രൂപ നൽകി. പള്ളിപരി സരം വൃത്തിയാക്കി.

*പന്തിപൊയിൽ :–* വി.ജോൺമരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു.

## സ്നേഹപൂർവ്വം

മിഷൻലീഗിന്റെ പ്രേഷിത ചൈതന്യം മുൻനിർത്തിയുള്ള മത്സ രങ്ങളും മിഷൻമാസ പ്രവർത്തനങ്ങളും കടന്നുവരുന്നു. മിഷൻലീഗ് അംഗങ്ങൾക്ക് പ്രാർത്ഥനയിൽ ഒരുമിക്കാനുള്ള അവസരമായിട്ട് ഒക്ടോബർ മാസത്തെ നമുക്കുകാണാം. നമ്മുക്കൊന്നിച്ച് മത്സരത്തി നായും മിഷൻ പ്രവർത്തനങ്ങൾക്കും പ്രാർത്ഥിക്കാം. നന്മയുടെ പ്രവർത്തനങ്ങൾക്കായി ഒരുമയോടെ മുന്നേറാം. വരും ദിനങ്ങളിലെ ഓർമ്മകൾ മിഷൻലീഗിന്റെ ആകട്ടെയെന്ന്, മാനന്തവാടി രൂപത യുടെയാകട്ടെയെന്ന് നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം

ഏറ്റവും വിനീതനായി നിങ്ങളുടെ സ്വന്തം

**രഞ്ജിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

## ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം

ആഗസ്റ്റ് 25-ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം ആചരിച്ചു. വിവിധ മേഖലകളിൽ നിന്നും ആരംഭിച്ച ബൈക്ക്റാലി ദ്വാരക വി.അൽഫോൻസാ ദേവാലയാങ്കണത്തിൽ സംഗമിച്ചു. ദ്വാരകയിൽ നിന്നും മാനന്തവാടി രൂപതാ വികാരിജനറാൾ റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഫ്ളാഗ്ഓഫ് ചെയ്ത ബൈക്ക്റാലി കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേലിന്റെ നേതൃത്വത്തിൽ മാനന്തവാടിയിലേക്ക് ആരംഭംകുറിച്ചു. വിവിധ മേഖലകളിൽ നിന്നായി 500-ൽ അധികം ബൈക്കുകൾ പങ്കെടുത്തു.

തുടർന്ന് മാനന്തവാടി ലിറ്റിൽ ഫ്ളവർ സ്കൂളിൽ നിന്നും ഗാന്ധി പാർക്കിലേയ്ക്ക് റാലിയും, ഗാന്ധി പാർക്കിൽ പൊതുയോഗവും നടന്നു. പൊതുസമ്മേളനത്തിന് പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യപ്രഭാഷണം നടത്തി. പേരാവൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര, രൂപതാ ആനിമേറ്റർ സി. ലിൻസ എഫ്.സി.സി., ശ്രീ. സജിൻ ചാലിൽ, കുമാരി ഫ്രൻസി മണ്ണിശ്ശേരി, എബിൻ മുട്ടപ്പള്ളി, ഡെൽന പറപ്പള്ളി, വിനു വാണിയപ്പള്ളി, സിനോ പാറക്കാലായിൽ, ഷംജിത്ത് ചേലയ്ക്കൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ആബേൽ ആണ്ടുക്കിൽ, ജോസ്ന, ഷൈനി മോളത്ത് തുടങ്ങിയവർ സംസാരിച്ചു. പങ്കെടുത്ത എല്ലാവർക്കും രൂപതാ സമിതിയുടെ നന്ദി.

## രൂപതാതല രക്തദാന ക്യാമ്പ്

രൂപതാതല രക്തദാന ക്യാമ്പുകൾക്ക് തുടക്കമായി. ആദ്യ ക്യാമ്പ് സെപ്റ്റംബർ 8-ന് റിപ്പൺ സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച്

തുടക്കം കുറിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അധ്യക്ഷത വഹിച്ചു. റിപ്പൺ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ആനിമേറ്റർ സി. ലിൻസ എഫ്.സി.സി., ജന.സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര, കൽപ്പറ്റ മേഖല പ്രിസിഡന്റ് ശ്രീ. റ്റിജോ പാറയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. രൂപതാ സെക്രട്ട റിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളായ എബിൻ മുട്ടപ്പള്ളി, ഡെൽന പറപ്പള്ളി, വിനു വാണിയപ്പള്ളിൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ആതിര കപ്യാരുമലയിൽ, ആബേൽ ആണ്ടുക്കിൽ തുടങ്ങിയവർ നേതൃത്വം നൽകി.

### കെ.സി.വൈ.എം. സംസ്ഥാനതല ഓണാഘോഷം

ആഗസ്റ്റ് 31 ന് അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സംസ്ഥാനതല ഓണാഘോഷത്തിലും, സംഘടനാ ചർച്ചയിലും രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര പങ്കെടുത്തു.

## Pearl 2013 കലാ സാഹിത്യമത്സരങ്ങൾ

രൂപതാ കലാമത്സരം നവംബർ 14-ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9-ന് നടത്തപ്പെടുന്നു. സാഹിത്യമത്സരങ്ങ ളിൽ സമ്മാനാർഹമായ സൃഷ്ടികൾ ഒക്ടോബർ 15-ന് മുൻപ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മേഖലകൾ മുൻകൂട്ടി മത്സരങ്ങൾ നടത്തി കലാമത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 20-ന് മുൻപ് രൂപതാ ഒഫീസിൽ എത്തിക്കേണ്ടതാണ്. ക്വിസ് മത്സരത്തിലെ ബൈബിൾ പഠനഭാഗങ്ങൾ: വി. യോഹന്നാന്റെ സുവിശേഷം, വി. യോഹ ന്നാന്റെ ഒന്നാം ലേഖനം.

### നവംബർ 2 രൂപതാ യുവജനസമ്മേളനം

കെ.സി.വൈ.എം. മാനന്തവാടി രൂപത യുവജനസംഗമം നവംബർ 2-ന് മാനന്തവാടി ടൗൺ ഹാളിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്ന താണ്. എല്ലാ മേഖലകളും യൂണിറ്റുകളും യുവജന സമ്മേളനത്തിന് പ്രത്യേകം തയ്യാറെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവര ങ്ങൾ സർക്കുലറിലൂടെ അറിയിക്കുന്നതാണ്.

### മേഖലാ, യൂണിറ്റ്തല ഇലക്ഷൻ

2014 വർഷത്തിൽ സംഘടനയെ നയിക്കേണ്ടവരെ തിരഞ്ഞെടു ക്കുന്ന ഇലക്ഷനുകൾ നവംബർ 12-ന് മുൻപ് യൂണിറ്റുകളിലും ഡിസം ബർ 1-ന് മുൻപ് മേഖലകളിലും പൂർത്തിയാക്കേണ്ടതാണ്. തിരഞ്ഞെ

ടുക്കുന്നവരുടെ പൂർണ്ണവിവരങ്ങൾ തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### മണിമൂളി മേഖല ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണം

സെപ്റ്റംബർ 1 ന് എടക്കര ടൗണിൽ കെ.സി.വൈ.എം. മണിമൂളി മേഖലാ സമിതിയുടെ നേതൃത്വത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിന ആചരണം നടത്തി. എടക്കര ദേവാലയത്തിൽ നിന്നും ആരംഭിച്ച റാലിക്ക് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഫ്ളാഗ് ഓഫ് ചെയ്ത് മേഖല ഭാരവാഹികൾക്ക് നൽകി. എടക്കര മുസ്ലീയാരങ്ങാടി ചുറ്റി പഴയ ബസ്റ്റാൻഡിൽ സമാപിച്ചു. പൊതുസമ്മേളനത്തിന് മണിമൂളി മേഖലാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം സ്വാഗതം ആശംസിച്ചു. റവ.ഫാ. ബാബു മാപ്ലശേരി മുഖ്യപ്രഭാഷണം നടത്തി. റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. സിബിൻ പാലമൂട്ടിൽ നന്ദിയർപ്പിച്ചു. സഹ വികാരി ജനറാൾ റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ, നിരവധി വൈദികർ, സന്യസ്തർ 350 ഓളം യുവജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖലാ പ്രിസിഡന്റ് ലിനു പൊട്ടയ്ക്കൽ, സെക്രട്ടറി ജിബിൻ ഈന്തുങ്കൽ, ജോൽസല നീലത്തുമുക്കിൽ, നീതു മണിമല, ജോഷി പാലക്കാട്ട്, നിധീഷ് വെള്ളിലാംതടത്തിൽ, സിബിൻ പാലമൂട്ടിൽ, സി.ലിന്റ എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

### അഭിനന്ദനങ്ങൾ

ഗൂഡല്ലൂർ മേഖല ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സി. ജാൻസി എസ്.എച്ച്, കല്ലോടി മേഖല ആനിമേറ്റർ സാരഥ്യം ഏറ്റെടുത്തിരിക്കുന്ന സി. ഷാന്റി എസ്.കെ.ഡി. എന്നിവർക്ക് എല്ലാ നന്മകളും നേരുന്നു.

ബത്തേരി മേഖലയിൽ നിന്നും രൂപതാ സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കുമാരി ആതിര കപ്യാരുമലയിലിന് അഭിനന്ദനങ്ങൾ.

### നാഷണൽ യൂത്ത് കൺവെൻഷൻ ഒക്ടോബർ 5-12

പഞ്ചാബിലെ ജലന്ദറിൽ വച്ച് ഒക്ടോബർ 5 മുതൽ 12 വരെ നടത്തപ്പെടുന്ന നാഷണൽ യൂത്ത് കൺവെൻഷന്റെ വിജയത്തിനായി എല്ലാ യുവജനങ്ങളും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### യൂണിറ്റ് വാർത്തകൾ

### പനവല്ലി യൂണിറ്റ്

കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ 25 വർഷം

പിന്നിട്ട ഇടവകയിലെ എല്ലാ ദമ്പതികളെയും ആദരിച്ചു. അന്നേ ദിവസം റവ.ഫാ. സോണി വടയാപറമ്പിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും മെമന്റോ നൽകി ആദരിക്കുകയും ചെയ്തു. തുടർന്ന് നടന്ന പൊതു മീറ്റിംഗിൽ യൂണിറ്റ് സെക്രട്ടറി ജീന പുളിക്കൽ സ്വാഗതം ആശംസിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. സജി നെടുംങ്കല്ലേൽ, ബ്രദർ വർഗ്ഗീസ്, ശ്രീ. മാത്യു ചവരനാൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ. പീറ്റർ അത്തിക്കൽ മറുപടി പ്രസംഗം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സുജിത്ത് ചവരനാൽ യോഗത്തിന് നന്ദിയർപ്പിച്ചു. ലഘുഭക്ഷണം നൽകികൊണ്ട് യുവജനങ്ങൾ തങ്ങളുടെ സന്തോഷം പങ്കുവച്ചു.

## വെള്ളൂന്നി യൂണിറ്റ്

രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട വനിതാസംഗമത്തിൽ 3 വനിതകൾ സംബന്ധിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിദിനാചരണത്തിൽ 8 അംഗങ്ങൾ ബൈക്ക് റാലിയിൽ സംബന്ധിച്ചു. അംഗങ്ങളുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി.

## നെടുംമ്പാല യൂണിറ്റ്

രൂപതാതലത്തിൽ നടത്തപ്പെട്ട വനിതാസംഗമത്തിൽ അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജിൽസൻ കോക്കണ്ടത്തിലിന്റെയും, യുവജനങ്ങളുടെയും നേതൃത്വത്തിൽ youcat വിതരണം നടത്തി. പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും, സ്വാതന്ത്ര്യദിനത്തിന്റെയും ആഘോഷപരിപാടികൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. രൂപതാ ആഭിമുഖ്യത്തിൽ നടത്തിയ മഡ് ഫുട്ബോൾ മത്സരത്തിൽ യൂണിറ്റിന് ഒന്നാം സ്ഥാനം ലഭിച്ചു. മേഖല ആഭിമുഖ്യത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ യൂണിറ്റിന് രണ്ടാം സ്ഥാനം ലഭിച്ചു. ഇന്ത്യൻക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി നടത്തപ്പെട്ട ബൈക്ക് റാലിയിൽ 20 യുവജനങ്ങൾ പങ്കെടുത്തു.

## ശിശുമല യൂണിറ്റ്

വിശ്വാസവർഷത്തോടനുബന്ധിച്ച് യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കളപ്പുരയുടെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് അർദ്ധവാർഷിക സെമിനാർ നടത്തി. സെമിനാറിനൊരുക്കമായി ആനിമേറ്റർ സി. ടെസ്സിൻ എസ്.എ.ബി.എസ്., കെ.സി.വൈ.എം. എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ഭവനങ്ങൾ സന്ദർശിച്ചു. ക്രിസ്തീയ യുവത്വം: 'വ്യക്തിത്വം, ശക്തിത്വം' എന്ന വിഷ

യത്തെ ആസ്പദമാക്കി മുൻ മിജാർക്ക് ഏഷ്യൻ പ്രതിനിധി ശ്രീ. ജോസ് പള്ളത്ത് ക്ലാസ് നയിച്ചു. 74 യുവജനങ്ങൾ പങ്കെടുത്തു. സെനറ്റ് മെമ്പർ ശ്രീ. അർജുൻ പോൾ ശ്രീ. ജോസ് സാറിന് നന്ദിയർപ്പിച്ചു.

## ആലാറ്റിൽ യൂണിറ്റ്

രൂപതാതല വനിതാസംഗമത്തിൽ ആനിമേറ്റർ സി. ആൻസലയും, 8 യുവതികളും സംബന്ധിച്ചു. പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം യുവജനങ്ങൾ പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട വിളംബരജാഥയ്ക്ക് യൂണിറ്റ് ഡയറക്ടർ റവ.ഫാ. വിൻസെന്റ് കൊരട്ടിപറമ്പിലും, ഇടവകാംഗങ്ങളും, കെ.സി.വൈ.എം. അംഗങ്ങളും ചേർന്ന് സ്വീകരണം നൽകി. രൂപതാ സിൻഡിക്കേറ്റംഗം ശ്രീ. ഷംജിത്ത് ചേലയ്ക്കൽ സ്വാഗതം ആശംസിച്ചു. രൂപതാതലത്തിൽ നടത്തപ്പെട്ട ബൈക്ക് റാലിയിൽ 30 യുവജനങ്ങൾ പങ്കെടുത്തു.

## കുറ്റിമൂല യൂണിറ്റ്

രൂപതാതലത്തിൽ നടത്തപ്പെട്ട വനിതാസംഗമത്തിൽ 12 വനിതകൾ പങ്കെടുത്തു. ഇന്ത്യൻക്രിസ്ത്യൻ രക്തസാക്ഷിത്വദിനാചരണ റാലിയിൽ യൂണിറ്റ് ഡയറക്ടർ റവ.ഫാ. സിനീഷ് പുത്തൻപുരയിലിന്റെ നേതൃത്വത്തിൽ 15 യുവതികൾ ഉൾപ്പെടെ 45 യുവജനങ്ങൾ സംബന്ധിച്ചു.

## പടമല യൂണിറ്റ്

ആദ്യവെള്ളിയാഴ്ചത്തെ ജാഗരണ പ്രാർത്ഥനയിൽ യൂണിറ്റ് ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ പങ്കുചേർന്നു. യുവജനങ്ങൾ വിവിധ ധ്യാനസെന്ററുകളിൽ പോയി ധ്യാനിക്കുകയും ദൈവാനുഭവത്താൽ നിറയുകയും ചെയ്യുന്നു. ആനിമേറ്റർ സി. അർച്ചനയുടെ നേതൃത്വത്തിൽ 7 വനിതകൾ വനിതാസംഗമത്തിൽ സംബന്ധിച്ചു. സ്വാതന്ത്ര്യദിനവും, സ്വർഗ്ഗാരോപണതിരുനാളും സമുചിതമായി ആഘോഷിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനാചരണ റാലിയിൽ 5 വനിതകൾ ഉൾപ്പെടെ യുവജനങ്ങൾ പങ്കെടുത്തു.

## ചുങ്കക്കുന്ന് യൂണിറ്റ്

പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും, സ്വാതന്ത്ര്യദിനാഘോഷവും സംയുക്തമായി ആഘോഷിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പതാകയുയർത്തി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ്

മണക്കുന്നേൽ സന്ദേശം നൽകി. മധുരപലഹാരം വിതരണം ചെയ്തു. ശക്തമായ കാറ്റിലും മഴയിലും തകർന്ന് പോയ പള്ളിയും ഓഡിറ്റോറിയവും പുനരുദ്ധരിക്കുന്ന പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കാളികളായി. രൂപതാതല ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണത്തിൽ യുവജനങ്ങൾ സംബന്ധിച്ചു. യൂണിറ്റിലെ ആചരണത്തിൽ ബഹു. ഡയറക്ടറച്ചൻ സന്ദേശം നൽകി. മേഖല എക്സിക്യൂട്ടീവിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഷിന്റോ നെടിയകാല, ഷിജിന ഇട്ടിയക്കാട്ട് എന്നിവരെ അനുമോദിച്ചു. ബഹു. ഡയറക്ടറച്ചൻ ആശംസകളർപ്പിച്ച് സംസാരിച്ചു.

## അമരക്കുനി യൂണിറ്റ്

വനിതാസംഗമത്തിൽ ആനിമേറ്റർ സി. അനിലിറ്റിന്റെ നേതൃത്വത്തിൽ 3 വനിതകളും മറ്റു യുവജനങ്ങളും പങ്കെടുത്തു. മേഖല യുവജനസമ്മേളനത്തിന്റെ വിജയത്തിനായി യൂണിറ്റ് ഡയറക്ടർ റവ.ഫാ. റോബിൻ പടിഞ്ഞാറയിലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ആരാധന നടത്തി. മേഖലാ സമ്മേളനത്തിൽ അംഗങ്ങൾ സംബന്ധിച്ചു. യുവജന ദിനം സമുചിതമായി ആഘോഷിച്ചു. സ്റ്റേറ്റ് സിൻഡിക്കേറ്റംഗം ശ്രീ. സജിൻ ജോസ് ചാലിൽ ക്ലാസ് നയിച്ചു. 54 യുവജനങ്ങൾ സംബന്ധിച്ചു. അന്നേദിവസം മേഖല സെനറ്റ് മീറ്റിംഗ് നടത്തി. വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന യൂണിറ്റ് പ്രസിഡന്റ് ശ്രീ. സാജു എലിവാലുങ്കലിന് ആശംസകൾ നേർന്നു. പരി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും, സ്വാതന്ത്ര്യദിനാഘോഷവും സാഘോഷം കൊണ്ടാടി. ഭക്തിപൂർവ്വമായ വി. കുർബാനയ്ക്ക് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, റവ.ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് മധുരം പങ്കിട്ട് യുവജനങ്ങൾ സന്തോഷം പങ്കുവച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണത്തിൽ യുവജനങ്ങൾ പങ്കെടുത്തു.

## തരിയോട് യൂണിറ്റ്

യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോണി കുന്നത്തിന്റെയും, ബ്രദർ അഗസ്റ്റ്യന്റെയും, ആനിമേറ്റർ സി. റോസ്മിന്റെയും, ഭാരവാഹികളുടെയും നേതൃത്വത്തിൽ യൂണിറ്റിന്റെ ധനശേഖരണാർത്ഥം ബെഡ്ഷീറ്റ്കുറി, ഭവനസന്ദർശനം, യുവജനങ്ങൾക്കായി സെമിനാർ എന്നിവ നടത്തുവാനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടതിന്റെ ഫലമായി ബഹു. ബ്രദർ അഗസ്റ്റ്യന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ഭവനസന്ദർശനം നടത്തി.

ബെഡ്ഷീറ്റ് കുറിയുടെ പണം ശേഖരിക്കുന്നതിനായി പള്ളിപരിസരത്ത് ഒരു കൗണ്ടർ ആരംഭിച്ചു. പരി.മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളി നൊരുക്കമായി യുവജനങ്ങൾ കുമ്പസാരം നടത്തി. പള്ളി അലങ്കരിച്ചു. വി. കുർബാനയിൽ പങ്കുചേർന്നു. 'യുവജനപ്രേഷിതത്വം', എന്ന വിഷയത്തെ ആസ്പദമാക്കി മുൻ കെ.സി.വൈ.എം. രൂപതാ ഡയറക്ട റായിരുന്ന റവ.ഫാ. സെബാസ്റ്റ്യൻ പുത്തേൻ ക്ലാസ് നയിച്ചു. 127 അംഗ ങ്ങൾ സംബന്ധിച്ചു. തുടർന്ന് എല്ലാവരും ഭക്ഷണത്തിൽ പങ്കുചേർന്നു.

### പാതിരിപ്പാടം യൂണിറ്റ്

യൂണിറ്റ് ഡയറക്ടർ റവ.ഫാ. വിൻസെന്റ് താമരശ്ശേരി, ആനി മേറ്റർ സി. ലിന്റ എഫ്.സി.സി., യൂണിറ്റ് പ്രസിഡന്റ് ശ്രീ. ധനീഷ് വെള്ളിലാംതടത്തിൽ മറ്റു ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ യുവജനദിനാഘോഷം യൂണിറ്റിൽ സമുചിതമായി നടത്തപ്പെട്ടു. വി. കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. തുടർന്ന് റവ.ഫാ. ചാക്കോ ഇല്ലിക്കൽ ക്ലാസ് നയിച്ചു. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ ചോക്കാട് വൃദ്ധസദനം സന്ദർശിച്ച് പ്രാർത്ഥന നടത്തുകയും, ഭക്ഷണം തയ്യാറാക്കി നൽകുകയും, 4000 രൂപ സംഭാവനയായി നൽകുകയും ചെയ്തു. മണിമൂളി മേഖലയിൽവച്ച് നടത്തപ്പെട്ട 'ആഗ്നേയം-2013' യുവ ജനസമ്മേളനത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

### കുറുമ്പാലക്കോട്ട യൂണിറ്റ്

ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും 10 വൃക്ഷതൈകൾ വീതം വിതരണം ചെയ്തു. ഓണത്തോടനുബന്ധിച്ച് നടവയൽ മേഖല പനമരത്ത് സംഘടിപ്പിച്ച മത്സരങ്ങളിൽ പങ്കെടുക്കുകയും വടംവലിക്ക് ഒന്നാം സമ്മാനവും ക്വിസ് മത്സരത്തിന് ഒന്നും മൂന്നും സമ്മാനങ്ങളും പൂക്കളമത്സരത്തിന് മൂന്നാം സമ്മാനവും കരസ്ഥമാക്കി. ഓണത്തോട നുബന്ധിച്ച് ഇടവകാംഗങ്ങൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പി ക്കുകയും പായസം വിതരണം ചെയ്യുകയും ചെയ്തു. എല്ലാ ശനിയാ ഴ്ചയും രാത്രി 7.30 മുതൽ 8.30 വരെ യുവജനങ്ങൾക്കായി നടത്തുന്ന ആരാധനയിൽ പങ്കുചേരുന്നു.

## കെ.സി.വൈ.എം. പുതിയ യൂണിറ്റുകൾ ആരംഭിച്ചു

### പനമരം

കെ.സി.വൈ.എം. യൂണിറ്റ് പനമരം പുതിയ ഇടവകയിൽ ആരം ഭിച്ചു. ആദ്യ മീറ്റിംഗിൽ 25 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറ ക്ടർ റവ.ഫാ. ജെയിംസ് ചക്കിട്ടക്കുടി, ആനിമേറ്റർ സി. മെറീന പോൾ

സി.എം.സി., പ്രസിഡന്റ് ശ്രീ. റെനു പി.റ്റി. പാട്ടുപാറയിൽ മറ്റു ഭാരവാഹികൾക്കും എല്ലാ ആശംസകളും നേരുന്നു.

**മഞ്ഞൂറ**

കെ.സി.വൈ.എം. യൂണിറ്റാരംഭിച്ചു. ഭാരവാഹികളെ തിരഞ്ഞെടുത്തു. അന്നേ ദിവസം യുവജനങ്ങൾക്കായി രൂപത സിൻഡിക്കേറ്റംഗം ശ്രീ. സജിൻ ജോസ് ചാലിൽ സെമിനാർ നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ആന്റോ മമ്പള്ളി, ആനിമേറ്റർ സി. ഷീന എസ്.കെ.ഡി., പ്രസിഡന്റ് ശ്രീ. ധിൽ കാഞ്ഞിരംന്താനം മറ്റ് ഭാരവാഹികൾക്കും പ്രവർത്തന മേഖലകളിൽ നന്മകൾ നേരുന്നു.

**ദ്വാരക**

കെ.സി.വൈ.എം. യൂണിറ്റാരംഭിച്ചു. യൂണിറ്റ് രൂപീകരണത്തോടനുബന്ധിച്ച് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ് എടുത്തു. ഭാരവാഹികളെ തിരഞ്ഞെടുത്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോയി തുരുത്തേൽ, ആനിമേറ്റർ സി. മേരി ജോസ് എസ്.എ.ബി.എസ്., പ്രസിഡന്റ് ശ്രീ. നിധിൻ വാലുംകണ്ടത്തിൽ മറ്റ് ഭാരവാഹികൾക്കും പ്രവർത്തനവീഥിയിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

## മേഖലാ വാർത്തകൾ

### പുൽപ്പള്ളി മേഖല

പുൽപ്പള്ളി മേഖലാസമ്മേളനം 'യുവഗാഥ-2013' ടൗൺചർച്ചിൽ വച്ച് നടത്തപ്പെട്ടു. മേഖലാഡയറക്ടർ റവ.ഫാ. റോബിൻ പടിഞ്ഞാറയിൽ വചനപ്രതിഷ്ഠ നടത്തി. മേഖലാ സെക്രട്ടറി ശ്രീ. ലിവിജു ആംമ്പറയിൽ സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡന്റ് ശ്രീ. ആന്റണി മങ്കടപ്ര അധ്യക്ഷത വഹിച്ചു. ഫൊറോനവികാരി വെരി.റവ.ഫാ. അഗസ്റ്റ്യൻ നിലയ്ക്കപ്പള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര, റവ.ഫാ. ജോൺ പുതുക്കുളം എന്നിവർ ആശംസകളർപ്പിച്ചു. പൊതുസമ്മേളനത്തിനുശേഷം പ്രശസ്തനായ സ്വാമി വിദേഹി യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ക്ലാസ് നയിച്ചു. തുടർന്ന് പി.എസ്.സി. പരീക്ഷകളും, സാധ്യതകളും, സ്വഭാവികമായി വരുന്ന തെറ്റുകളും ചൂണ്ടികാണിച്ചുകൊണ്ടുള്ള ക്ലാസ് ശ്രീ. പി. രവിസാർ നയിച്ചു. 400 യുവജനങ്ങൾ പങ്കെടുത്തു.

## കൽപ്പറ്റ മേഖല

കെ.സി.വൈ.എം. കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിന ക്വിസ് മത്സരം കൽപ്പറ്റ ഡി പോൾ ഓഡിറ്റോറിയത്തിൽവച്ച് 10, +1, +2 വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ടു. മേഖല ഡയറക്ടർ റവ.ഫാ. ജിൽസൺ കോക്കണ്ടത്തിൽ, മേഖല ആനിമേറ്റർ സി. ലൂസി എസ്.എച്ച്., മേഖല പ്രസിഡന്റ് ശ്രീ. റ്റിജോ വർഗ്ഗീസ് മറ്റു ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. മേഖലയിലെ 5 യൂണിറ്റുകളിൽ നിന്നും 3 പേരടങ്ങുന്ന ടീം പങ്കെടുത്തു. വാഴവറ്റ യൂണിറ്റ് ഒന്നാം സ്ഥാനവും, നെടുംമ്പാല യൂണിറ്റ് രണ്ടാം സ്ഥാനവും, ചൂരൽമല യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ഫൊറോന അസിസ്റ്റന്റ് വികാരി റവ.ഫാ. മനോജ് കവലക്കാടൻ Cash Prize വിതരണം ചെയ്തു.

## മണിമൂളി മേഖല

കെ.സി.വൈ.എം. മണിമൂളി മേഖലയുടെ യുവജന സമ്മേളനം 'ആഗ്നേയം – 2013' എന്ന പേരിൽ ആഗസ്റ്റ് 10–ന് മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സഹ.വികാരി ജനറാൾ വെരി.റവ. ഫാ. ജെയിംസ് കുറ്റിമാക്കലിന് സ്വീകരണം നൽകി. സമ്മേളനത്തിന് മേഖല സെക്രട്ടറി ശ്രീ. ജിബിൻ ഈന്തുങ്കൽ സ്വാഗതമാശംസിച്ചു. ബഹു. ജെയിംസ് കുറ്റിമാക്കലച്ചൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മേഖല പ്രസിഡന്റ് ശ്രീ. ലിനു പൊട്ടയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, രൂപത ട്രഷറർ സിബിൻ പാലമൂട്ടിൽ എന്നിവർ ആശംസകളർപ്പിച്ചു. മേഖല ജോയിന്റ് സെക്രട്ടറി നീതു മണിമല സമ്മേളനത്തിന് നന്ദി പറഞ്ഞു. മേഖല ആനിമേറ്റർ സി. ലിന്റ എഫ്.സി.സി., ജോൽസല നീലത്തുമുക്കിൽ, ജോഷി പാലക്കാട്ട്, നിധീഷ് വെള്ളിലാംതടത്തിൽ തുടങ്ങിയവർ മേഖല സമ്മേളന വിജയത്തിനായി നേതൃത്വത്തിലുണ്ടായിരുന്നു. 300 യുവജനങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ബിബിൻ ചെമ്പക്കര**

കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 2 വരെ നടന്ന കോഴ്സിൽ 85 പേരും സെപ്റ്റംബർ 17 മുതൽ 21 വരെ നടന്ന കോഴ്സിൽ 91 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക് – MPC ഫീസ് നിരക്കിൽ വർദ്ധന**

ക്രമാതീതമായി വർദ്ധിച്ച ജീവിതചിലവുകൾ പരിഗണിച്ച് MPC – യുടെ ഫീസ് 600/ – രൂപയിൽ നിന്നും 750/ രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. Oct. 18 – ന് ആരംഭിക്കുന്ന കോഴ്സ് മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരും. അതുപോലെ തന്നെ 200/ രൂപയായിരുന്ന രജിസ്ട്രേഷൻ ഫീസ് ഇനി മുതൽ 400/ രൂപയായിരിക്കും. ചിലരെങ്കിലും 200/ രൂപ അടച്ച് കോഴ്സിന് രജിസ്ററർ ചെയ്തശേഷം കോഴ്സിൽ സംബന്ധിക്കാതെ വരുന്നതിനാൽ അത്യാവശ്യക്കാർക്ക് അവസരം നിഷേധിക്കപ്പെടുന്നുണ്ട്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ ഇടവക ജനത്തെ അറിയിക്കുമല്ലോ.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഒക്ടോബർ 6–9 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| ഒക്ടോബർ 18–21 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ 3–6 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ 15–18 | – | ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ 29 ഡിസംബർ 02 | – | ദ്വാരക പാസ്റ്ററൽ സെന്റർ |

**ഹൃദയപൂർവ്വം.. നന്ദി...**

രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ അസി.ഡയറക്ടറായി രണ്ടു വർഷം സ്തുത്യർഹമായി സേവനമനുഷ്ഠിച്ച് റോമിൽ ഉപരി പഠന

ത്തിനായി പോകുന്ന ബഹു. ബിനു വടക്കേൽ അച്ചന്  രൂപതാ ടീം ഹൃദ്യമായി യാത്രയയപ്പു നൽകി. ഓഗസ്റ്റ് 28-ാം തീയതി ചേർന്ന സമ്മേളനത്തിൽ സി. എം. എ., വിമ്മൻസ് കമ്മീഷൻ, ഏകസ്ഥർ, കുടുംബ പ്രേഷിതത്വ ടീം എന്നിവരുടെ പ്രതിനിധികൾ അച്ചന് നന്ദിയർപ്പിക്കുകയും ഉപരിപഠനത്തിന് വിജയാശംസകൾ നേരുകയും ചെയ്തു.

## കത്തോലിക്ക മാതൃസംഘടന

### പയ്യമ്പള്ളി മേഖല

8-09-2013-ന് മേഖല ഡയറക്ടർ ബഹു. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ചേർന്നു. സെപ്തംബർ 19-ന് ആനിമേറ്റേഴസ് സംഗമം നടത്തുക, ഒക്ടോബർ മാസം അഖണ്ഡ ജപമാല നടത്തുക, ഒക്ടോബർ 26-ന് വിധവാസംഗമം നടത്തുക, ഒക്ടോബർ 19-ന് ഒണ്ടയങ്ങാടിയിൽ വെച്ച് വനിതകളുടെ മേഖലാതല സാഹിത്യമത്സരങ്ങൾ നടത്തുക എന്നീ കാര്യങ്ങൾ തീരുമാനിച്ചു. മേഖല ടീമിന്റെ ശാഖാ സന്ദർശനത്തിനുശേഷം പ്രവർത്തനങ്ങൾ വിലയിരുത്തി മാർട്ടിൻ നഗർ, പയ്യമ്പള്ളി, അപ്പപ്പാറ, എന്നീ ശാഖകളെ 1, 2, 3 സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുത്തു.

### മാനന്തവാടി - ടൗൺചർച്ച്

സെപ്റ്റംബർ 8-ന് മാതൃസംഘടനാംഗങ്ങൾ 8 നോമ്പാചരണം നടത്തി. അന്നേദിവസം എല്ലാ അമ്മമാരും കാഴ്ചവയ്പ്പ് നടത്തി. ലഭിച്ച തുകയിൽ നിന്നും 2000 രൂപ ഓണത്തോടനുബന്ധിച്ച് രോഗീസഹായം നൽകി. എല്ലാ ഞായറാഴ്ചകളിലും  ഗവ. ആശുപത്രിയിൽ ഉച്ചഭക്ഷണം തയ്യാറാക്കി നൽകാൻ സംഘടനാംഗങ്ങൾ സഹായിക്കുന്നു.

### ഇടിവണ്ണ

15-08-2013 ന് മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന് വി. ബലിയിൽ വചന വായനകൾക്കും, കാഴ്ച സമർപ്പണത്തിനും അമ്മമാർ നേതൃത്വം നൽകി. 26-8-2013 -ന് അമ്മമാരുടെ നേതൃത്വ ത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി.

### കൽപ്ര

ഓഗസ്റ്റ് 23-ന് അമ്മമാർ ഒരുമിച്ച് കൂടി, മോനിക്കാപുണ്യവതിയുടെ തിരുന്നാൾ ദിനം മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചു. 8 നോമ്പിന്റെ എല്ലാ ദിനങ്ങളിലും ജപമാലയ്ക്കും 8-ന് സ്നേഹ വിരുന്നിനും നേതൃത്വം നൽകി. 5000/- രൂപ സഹായവായ്പയായി ഒരു സാധു കുടുംബത്തിന് നൽകി. പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കാനുള്ള

ഫണ്ട് ശേഖരണത്തിനായി പച്ചക്കറിത്തോട്ടവും കുറിയും നടത്തുവാൻ തീരുമാനിച്ചു.

**കുറുമ്പാല**

ഓഗസ്റ്റ് 15-ന് മാതൃസംഘാംഗങ്ങളുടെ നേതൃത്വത്തിൽ മാതാവിന്റെ രൂപം അലങ്കരിക്കുക, വി. ബലി സജീവമാക്കാൻ ദിവ്യബലിക്കുള്ള ഗാനങ്ങൾ, വായനകൾ, കഴ്ചസമർപ്പണം എന്നിവ നടത്താൻ തീരുമാനിച്ചു. കാഴ്ച സമർപ്പണത്തിലൂടെ ലഭിച്ച വസ്തുക്കൾ സമരിറ്റൻഭവൻ, വിമല ബാലഭവൻ എന്നിവിടങ്ങളിൽ വിതരണം ചെയ്തു. ലോഗോസ് 2013-ന് 314 പേരെ ചേർക്കാൻ മാതൃസംഘാംഗങ്ങൾ മുൻകൈ എടുത്തു. രോഗീസന്ദർശനം, സാധുജന സഹായം, പള്ളിയും പരിസരവും വൃത്തിയാക്കൽ, ജാഗരണ പ്രാർത്ഥനയിലെ സജീവ പങ്കാളിത്തം എന്നിവ ഇടവക വികാരി ബഹു. ജയ്സൺ അച്ചന്റേയും ആനിമേറ്റർ സി. ജാൻസിയുടേയും നേതൃത്വത്തിൽ അംഗങ്ങൾ നടത്തി വരുന്നു.

**പനവല്ലി**

സെപ്റ്റംബർ 1-ാം തിയതി പനവല്ലി ഇടവകയിലെ മാതൃസംഘടനയുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ മാതാപിതാക്കൾക്കുമായി അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. സി. ലിസ എസ്.കെ. ഡി. കുട്ടികളുടെ സ്വഭാവരൂപീകരണത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**വെള്ളൂന്നി**

ജൂലൈ മാസത്തിൽ മാതൃസംഘടനാംഗങ്ങൾക്കായി സെമിനാർ സംഘടിപ്പിച്ചു. ഡോ. സി. ഡെയ്സി ക്ലാസ്സെടുത്തു. രോഗി സന്ദർശനം നടത്തി. ജൂലൈ 10-ാം തിയതി കേളകത്തുവച്ചു നടന്ന വിധവാ സംഗമത്തിലും തുടർന്നു നടത്തിയ ഭാരവാഹികളുടെ മീറ്റിംഗിലും അമ്മമാർ പങ്കെടുത്തു. ഫണ്ടു ശേഖരണാർത്ഥം ചിട്ടി ആരംഭിച്ചു. മോനിക്കാപുണ്യവതിയുടെ തിരുനാൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി അമ്മമാർ മക്കൾക്കുവേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കുകയും പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തുകയും ചെയ്തു.

**പയ്യമ്പള്ളി ശാഖ**

മാതൃസംഘം പയ്യമ്പള്ളി ശാഖാ സെമിനാർ 24-08-2013 ശനിയാഴ്ച 10 മണിക്ക് ബഹു.ജോസ് മുണ്ടക്കലച്ചന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ബഹു. സന്തോഷച്ചൻ വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. ശ്രീ ബേബി ജോസഫ് സാർ 'മക്കളെ വളർത്തുന്നതിൽ അമ്മമാർക്കുള്ള പങ്കി'നെകുറിച്ച് ക്ലാസെടുത്തു. തുടർന്ന് ശാഖാ വിസിറ്റ് നടന്നു. മേഖല

ആനിമേറ്റർ സി. അഞ്ചലി എസ്.കെ.ഡി.യും, സെക്രട്ടറി ശ്രീമതി ഫിലോ ചേലയ്ക്കലും പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തി.

**പടമല**

ഇടവക വികാരി ബഹു സണ്ണിയച്ചന്റെ നേതൃത്വത്തിൽ 4-ാം തിയതി യോഗം ചേർന്നു. ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ ഉപവസിച്ച് ഓരോ കുടുംബത്തിനുംവേണ്ടി പ്രാർത്ഥിച്ചു. ഗവ. ആശുപത്രിയിൽ ഭക്ഷണം നൽകി. ഈ മാസത്തെ വെള്ളിയാഴ്ചകളിലെ കുരിശിന്റെ വഴിക്ക് ഇടവകയിലെ കിടപ്പുരോഗികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ വസ്ത്രങ്ങൾ ശേഖരിച്ച് 4 അക്രൈസ്തവ കുടുംബങ്ങൾക്കു നൽകി.

**വാഴവറ്റ**

ആദ്യശനിയാഴ്ച കുർബാനയ്ക്കുശേഷം മാതൃസംഘത്തിന്റെ മീറ്റിംഗ് ഡയറക്ടർ ബഹു. ഉണ്ണിപള്ളിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് പ്രവർത്തനങ്ങളെ കുറിച്ച് ചിന്തിക്കുകയും ചർച്ച നടത്തുകയും ചെയ്തു. ഓഗസ്റ്റ് 15-ാം തിയതി ഇടവകയിലെ വിധവകളായ അമ്മമാരെ ഒരുമിച്ചുകൂട്ടി അവർക്ക് വേണ്ടി ക്ലാസ്സ് എടുക്കുന്നതിനും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുമായി തീരുമാനിച്ചു. ആഗസ്റ്റ് 15-ാം തീയതി ഇടവകയിലെ 50 വിധവകളായ അമ്മമാർ ക്ലാസ്സിൽ പങ്കെടുത്തു. സി.ആലീസ് എസ്.കെ.ഡി, ശ്രീമതി മോളി കരിമ്പനാക്കുഴി (സി. എം. എ. രൂപതാ പ്രസിഡണ്ട്) എന്നിവർ ക്ലാസ്സുകൾ നയിച്ചു. അമ്മമാർക്കായി ആഗസ്റ്റ് 22-ാം തീയതി രാവിലെ സോപ്പ്, സോപ്പ്പൊടി, ലോഷൻ മുതലായവ നിർമ്മിക്കുന്നതിനുള്ള പരിശീലന ക്ലാസ്സ് നൽകി.

**വഞ്ഞോട്**

എല്ലാ മാസവും രണ്ടാമത്തേയും നാലാമത്തേയും ബുധനാഴ്ച്ചകളിൽ 3 മണിക്ക് മീറ്റിംഗ് കൂടുന്നു. മാതൃസംഘം നവജ്യോതിയുടെ പ്രവർത്തനം ആരംഭിച്ചു. ഞായറാഴ്ച്ചകളിൽ കുർബാന മദ്ധ്യേ ലേഖനം വായിക്കുകയും ഇടദിവസങ്ങളിലെ കുർബാനകളിലും ബുധനാഴ്ച്ചകളിൽ നടത്തുന്ന കരുണകൊന്തയ്ക്കും നേതൃത്വം വഹിക്കുന്നു. പള്ളിയും പരിസരങ്ങളും വൃത്തിയാക്കുന്നതിൽ അമ്മമാർ നേതൃത്വം വഹിക്കുന്നു. ആഗസ്റ്റ് 28 -ാം തീയതി മോനിക്കാ പുണ്യവതിയുടെ തിരുനാൾ ആചരിച്ചു.

**ചുങ്കക്കുന്ന്**

മാതാവിന്റെ സ്വാർഗ്ഗാരോപണത്തിന് ഒരുക്കമായി അംഗങ്ങൾ 15 നോമ്പ് ആചരിച്ചു. ലോഗോസിന്റെ ഒന്നാംഘട്ട പരിശീലന പരീക്ഷ

വാർഡ് തലത്തിൽ നടത്തി. 23 ന് വെള്ളിയാഴ്ച്ച മാർപാപ്പായുടെ നിയോഗവും ചേർത്ത് ഇടവകയ്ക്കു വേണ്ടി മുഴുവൻ ദിന ആരാധനയും ഉപവാസ പ്രാർത്ഥനയും നടത്തി. 27 ന് വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, കുടുംബപ്രേഷിതത്വം.

## God Bless Matrimony

സീറോ മലബാർ സഭയുടെ IT മിഷനുമായി സഹകരിച്ച് കേരളത്തിനകത്തും പുറത്തുമുള്ള മുഴുവൻ സീറോ മലബാർ സഭാംഗങ്ങളെയും ഉദ്ദേശിച്ച് ഒരു മാട്രിമോണിയിൽ Site നമ്മുടെ രൂപതയിലും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

godblessmatrimony.org./mananthavady എന്നതാണ് Website Address. ഈ Web page-ൽ വലതുവശത്ത് Register Free tab ഉപയോഗിച്ച് free ആയി പേരു വിവരങ്ങൾ upload ചെയ്യാവുതാണ്. Website-ൽ പണമടച്ച് Register ചെയ്തിരിക്കുവരുടെ Biodata ലഭ്യമാകാൻ 06 മാസത്തേയ്ക്ക് 1500/-രൂപയും ഒരു വർഷത്തേയ്ക്ക് 2000/- രൂപയും അടച്ചാൽ മതിയാകും. നമ്മുടെ രൂപതയിൽ Family Apostolate Office-ൽ തിങ്കൾ, ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ 01.00 മണി വരെ, God bless Matrimony Office ഒക്ടോബർ 01 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓഫീസ് ഫോൺ നമ്പർ 08547480788, 04935 240788. ഇടവകകൾക്ക് ആവശ്യമായ Registration form ഓഫീസിൽ ലഭ്യമാണ്. ഇടവകകളിൽ നിന്നും പരമാവധി യുവതീയുവാക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സംഘടനകൾ മുൻകൈ എടുക്കുകയാണെങ്കിൽ അവർക്ക് പ്രവർത്തനഫണ്ട് സ്വരൂപിക്കാൻ ആകർഷകമായ കമ്മീഷൻ നൽകുന്ന കാര്യവും പരിഗണനയിലുണ്ട്.

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

"സീയോനിൽ നിന്ന് നിയമവും ജറുസലെമിൽ നിന്ന് കർത്താവിന്റെ വചനവും പുറപ്പെടും" (മിക്ക 4:2).

ആത്മാവിൽ നവചൈതന്യം സ്വീകരിക്കുന്നതിനുവേണ്ടി സെപ്റ്റംബർ 6 ആദ്യവെള്ളി 68 ശുശ്രൂഷകർ സീയോൻ കൂടാരത്തിൽ പ്രാർത്ഥനയ്ക്കായി ഒത്തുചേർന്നു. 10 മണിക്ക് കുരിശിന്റെ വഴി. തുടർന്ന് ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. നല്ല ഹൃദയമുള്ളവൻ യേശു. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിച്ച് ഉത്തമ സുഹൃത്തായി മാറിയവൻ. മൈത്രേയനായ യേശുവിനോട് കൂട്ടു ചേരുന്നതിനെക്കുറിച്ച് സംസാരിച്ചു. 1.30 ന് ബഹു. സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗ് നടത്തി. ജന്മദിനം ആഘോഷിക്കുന്നവർക്ക് ആശംസകൾ നേർന്നു. ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് എല്ലാവരും തുറന്ന് സംസാരിച്ച് ഇവിടെ കിട്ടുന്ന ശുശ്രൂഷ യേശുവിനു കിട്ടുന്ന ശുശ്രൂഷയാണ് അത്രയും പ്രാധാന്യത്തോടെ ഓരോരുത്തരും ശുശ്രൂഷ ചെയ്യണമെന്ന് അച്ചൻ പറഞ്ഞു. മറ്റുള്ളവർക്കു പരിക്കു പറ്റാതെ ശുശ്രൂഷിക്കുന്നതാണ് ഒരു ശുശ്രൂഷകന്റെ വിജയം എന്ന സന്ദേശം വളരെ ഹൃദ്യതയുളവാക്കി. തുടർന്ന് ആദ്യശനി കൺവെൻഷനുവേണ്ട ഒരുക്കങ്ങൾ നടത്തി.

## ജാഗരണപ്രാർത്ഥന - 6-9-13

"അങ്ങയുടെ സന്നിധിയിൽ ആനന്ദത്തിന്റെ പൂർണ്ണതയുണ്ട്" (സങ്കീ. 16:11) രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നതിനും ധാരാളം ദൈവമക്കൾ കടന്നുവന്നു. 6.30 ന് ജപമാല ചൊല്ലി പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ബഹു. ജോസഫ് നെച്ചിക്കാട്ട് അച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. അത്താഴശേഷം 9 മണിക്ക് കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു. തുടർന്ന് ബഹു. സോണിയച്ചന്റെ

നേതൃത്വത്തിൽ 12 മണി വരെ ആരാധന നടത്തി. 12 മണിക്ക് വിശ്രമത്തിനായി പോയി.

### ആദ്യശനി- ഏകദിന കൺവെൻഷൻ 7-9-13

കർത്താവിന്റെ പുതിയ സ്നേഹം അനുഭവിക്കുന്നതിനായി 6 മണിക്ക് സീയോൻ ശുശ്രൂഷകർ സോണിയച്ചന്റെ നേതൃത്വത്തിൽ ജപമാല പ്രദക്ഷിണം നടത്തി പ്രാർത്ഥിച്ചു. പ്രഭാതഭക്ഷണത്തിനുശേഷം 9 മണിക്ക് ശ്രീ. ജോസ് മാളോലയുടെ നേതൃത്വത്തിൽ പ്രഭാത പ്രാർത്ഥന, സ്തുതി ആരാധന നടത്തി പ്രാർത്ഥിച്ചു. 'എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദം കൊള്ളുകയും ചെയ്യുന്നു' (സങ്കീ 16:9) ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾ ഏറ്റുപറഞ്ഞ് സാക്ഷ്യ ശുശ്രൂഷ നടത്തി. തുടർന്ന് 11 മണിക്ക്  ബഹു. തോമസ് അറയ്ക്കൽ അച്ചൻ വചനസന്ദേശം നൽകി. പ്രാർത്ഥനയെക്കുറിച്ചും, ആത്മീയജീവിതത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുമാണ് അച്ചൻ സംസാരിച്ചത്. തുടർന്ന് 12.30 ന് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം 2.30 മുതൽ അഭിഷേക ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം എന്നിവ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. 3.30 ന് ആത്മസന്തോഷത്തോടെ ദൈവമക്കൾ സ്വഭവനത്തിലേയ്ക്ക് മടങ്ങി.

### ആന്തരീകസൗഖ്യധ്യാനം

"ചൂളയിൽ എന്നപോലെ ഉരുക്കി നിന്നെ ശുദ്ധി ചെയ്യും നിന്നിൽ കലർന്നിരിക്കുന്ന വിലകെട്ട ലോഹം ഞാൻ നീക്കികളയും" (ഏശയ്യ 1:25). ആഗസ്റ്റ് മാസത്തിൽ 108 മക്കളെ വിളിച്ച് വിശുദ്ധീകരിച്ച് അഭിഷേകമാക്കി ഉയർത്തി.

### യുവജന ഏകദിനധ്യാനം - 14-9-13

2-ാം വെള്ളിയാഴ്ച ജീസസ് യൂത്ത് ലീഡേഴ്സ് ബഹു. ലാൽ അച്ചന്റെ നേതൃത്വത്തിൽ 12 മണി വരെ ജാഗരണപ്രാർത്ഥന നടത്തി പ്രാർത്ഥിച്ചു. ശനിയാഴ്ച രാവിലെ പ്രാർത്ഥിച്ച് ഒരുങ്ങി. ജീസസ് യൂത്ത് ലീഡേഴ്സ് പ്രോഗ്രാം നടത്തി. വി. കുരിശിന്റെ പുകഴ്ചയുടെ ദിനമായതുകൊണ്ട് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി. എല്ലാ ആദ്യ വെള്ളിയാഴ്ചയും ടീമംഗങ്ങൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുന്നു. എല്ലാ തിങ്കളാഴ്ചയും വി. കുരിശ് പ്രയാണം ഓരോ ജീസസ് യൂത്ത് അംഗങ്ങളുടെയും ഭവനത്തിലേയ്ക്ക് നടത്തി പ്രാർത്ഥന നടത്തുന്നു. സെപ്റ്റംബർ 17-21 വരെ ജീസസ് യൂത്ത് ടീമംഗങ്ങൾക്ക് ധ്യാനം, ട്രെയിനിംഗ് എന്നിവ ബഹു. ജോൺ പുതുക്കുളം അച്ചന്റെ നേതൃത്വത്തിൽ നടത്തി.

### രണ്ടാംശനി - ദമ്പതീകൂട്ടായ്മ

14-9-13 ന് 10 മണിക്ക് ജപമാലയോടെ ദമ്പതീകൂട്ടായ്മ ആരംഭിച്ചു. 10.15 ന് ബഹു. റോയി വട്ടക്കാട്ട് അച്ചൻ ബൈബിൾ, വിശ്വാസ വരം എന്നിവയെ കുറിച്ച് ക്ലാസെടുത്തു. 12 മണിക്ക് വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഗ്രൂപ്പ് ഷെയറിംഗ്, ആരാധന എന്നിവ നടത്തി. 3.30 ന് അവസാനിപ്പിച്ചു.

### പൊതുകൗൺസിലിംഗ് ദിനം

രണ്ടാം ശനിയാഴ്ച കൗൺസിലിംഗിനായി 65 ദൈവമക്കൾ കടന്നുവന്നു. 10 കൗൺസിലേഴ്സ് തലേദിവസം തന്നെ പ്രാർത്ഥിച്ച് ഒരുങ്ങി ശനിയാഴ്ചത്തേക്ക് അഭിഷേകം സ്വന്തമാക്കി.

### സീയോൻ ഒക്ടോബർ മാസത്തിൽ

| | | |
|---|---|---|
| 4 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ് |
| 5 ആദ്യ ശനി | - | ഏകദിന കൺവെൻഷൻ |
| 12 രണ്ടാം ശനി | - | യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതുകൗൺസിലിംഗ് ദിനം |
| 18 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 26 നാലാം ശനി | - | സൗഖ്യദിനം |
| ഒക്ടോബർ 12-16 | - | യുവജന ധ്യാനം |

ഒക്ടോബർ 12 മുതൽ 16 വരെ നടത്തുന്ന യുവജനധ്യാനത്തിന്റെ ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ: 9495065656, 04935 240339

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളേ,

പരിശുദ്ധിയുടെയും നന്മയുടെയും സഹനത്തിന്റെയും വഴികളിൽ ശക്തിയോടെ മുന്നേറുവാൻ നമ്മെ സഹായിക്കുന്ന ഏറ്റവും മഹത്തര മായ പ്രാർത്ഥനയായ 'ജപമാല' ഭക്തിയുടെ മാസമാണല്ലോ ഒക്ടോബർ. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങളും പര സ്പരം സ്നേഹിക്കുവിൻ' എന്നരുളിച്ചെയ്ത യേശുനാഥന്റെ വചനവും ജീവിതമാതൃകയും അനുസരിച്ച് പരസ്നേഹപ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെ ചൈതന്യം ഉൾക്കൊണ്ട് ശുശ്രൂഷ ചെയ്യുവാനുള്ള കൃപയ്ക്കായി പരി. അമ്മയോട് ചേർന്ന്, ഇടവക ദേവാലയങ്ങളിലെ 10 ദിവസത്തെ പ്രത്യേക ജപമാല പ്രാർത്ഥനകളിൽ സംഖ്യാംഗങ്ങൾ എല്ലാവരും സജീവമായി പങ്കെടു ക്കണമെന്നും വ്യക്തിഗത നിയോഗങ്ങളോടൊപ്പം വിൻസെൻഷ്യൻ സംഘടനയ്ക്കുവേണ്ടി കൂടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## സി സി യോഗം

സിസി യോഗം സെപ്റ്റംബർ മാസം 28-ാം തീയതി ശനിയാഴ്ച 10 മണിക്ക് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷത യിൽ ഓസ്സാനാംഭവനിൽ വെച്ച് ചേർന്നു. യോഗത്തിൽ സംഘടനയുടെ സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെയും സംഘടന യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. വിൻസെന്റ് ഡി പോളിന്റേയും തിരു നാൾ മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട് പരസ്നേഹപ്രവർത്തന ങ്ങളുടെ മാഹാത്മ്യത്തെ, അദ്ധ്യക്ഷൻ ഊന്നിപ്പറയുകയുണ്ടായി. യോഗ ത്തിൽ സിസി ബോഡംഗങ്ങളോടൊപ്പം എല്ലാ കോൺഫറൻസ് പ്രസി ഡണ്ടുമാരും, പ്രതിനിധികളും പങ്കെടുത്തു.

## പുതിയ കോൺഫറൻസുകൾ

ബത്തേരി ഏ സി യുടെ കീഴിൽ ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ പുതിയ വനിതാ കോൺഫറൻസ് രൂപീകരിച്ചു. രൂപതാ ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബത്തേരി ഏസി പ്രസിഡണ്ട് ബ്രദർ ഫ്രാൻസിസ് പുലിക്കോട്ടിലിനും നേതൃത്വം നൽകിയമറ്റുള്ളവരേയും അനുമോദിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

**പുതിയ കോൺഫറൻസ് ഭാരവാഹികൾ:**

| | | |
|---|---|---|
| ലീലാമ്മ തട്ടാരടിയിൽ | - | പ്രസിഡണ്ട് |
| മേരി ഫ്രാൻസിസ് മാളമ്മേക്കാട്ട് | - | സെക്രട്ടറി |
| ഡെയ്സി ആന്റണി ചിരിയംകണ്ടത്തിൽ | - | ട്രഷറർ |
| റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ | - | ആത്മീയോപദേഷ്ടാവ് |

ബത്തേരി മലങ്കര കത്തോലിക്കാ രൂപതയിലും പുതിയ കോൺഫറൻസുകൾ രൂപീകരിക്കുവാൻ, മാനന്തവാടി രൂപതാ ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബത്തേരി ഏസി പ്രസിഡണ്ട് ബ്രദർ ഫ്രാൻസിസ് പുലിക്കോട്ടിൽ, ഇടവക വികാരിമാരുടെ സന്നദ്ധ സഹകരണത്തോടെ സാധിച്ചതിനും അഭിനന്ദനങ്ങൾ ആശംസിക്കുകയാണ്. മലങ്കര കത്തോലിക്കാ രൂപതയിലെ പുതിയ കോൺഫ്രൻസുകൾ:

### ഹോളി ഫാമിലി ചർച്ച്, ചുള്ളിയോട്

1. സെന്റ് ഫ്രാൻസിസ് കോൺഫറൻസ് (പുരുഷൻ)

| | | |
|---|---|---|
| അഖിൽ തോമസ് | - | പ്രസിഡണ്ട് |
| നിക്സൺ മുക്കേക്കുടി | - | സെക്രട്ടറി |
| തോമസ് പനച്ചിൽമൂട്ടിൽ | - | ട്രഷറർ |
| റവ. ഫാ. പോൾ കോടന്നൂർ | - | ആത്മീയോപദേഷ്ടാവ് |

2. ഹോളി ഫാമിലി കോൺഫറൻസ് (വനിത)

| | | |
|---|---|---|
| മേരി ബാബു മാരാശ്ശേരിൽ | - | പ്രസിഡണ്ട് |
| അമ്മിണി ബേബി ഊന്നുകല്ലേൽ | - | സെക്രട്ടറി |
| ലീല യോഹന്നാൻ പാറക്കാട്ടിൽ | - | ട്രഷറർ |
| റവ. ഫാ. പോൾ കോടന്നൂർ | - | ആത്മീയോപദേഷ്ടാവ് |

### സെന്റ് ജോസഫ് ചർച്ച് പാമ്പ്ര

3. സെന്റ് ജോസഫ് കോൺഫറൻസ്

| | | |
|---|---|---|
| സാമുവൽ പുഷ്പമംഗലം | - | പ്രസിഡണ്ട് |

ബീന കെടിവറ്റത്തിൽ - സെക്രട്ടറി
സത്യൻ മങ്ങാടൻതാന്നിക്കൽ - ട്രഷറർ
റവ. ഫാ. പോൾ കോടന്നൂർ - ആത്മീയോപദേഷ്ടാവ്

**സെന്റ് ജോസഫ് ചർച്ച് മൂലങ്കാവ്**

4. സെന്റ് ജോസഫ് കോൺഫറൻസ് (പുരുഷൻ)
സുനിൽ ജെക്കുഴിവിളയിൽ - പ്രസിഡണ്ട്
ടോമി കുറ്റിക്കൽ - സെക്രട്ടറി
ബാബു കോയിത്തടികോന്നത്ത് - ട്രഷറർ
റവ. ഫാ. വർഗീസ് പുളിക്കൽ - ആത്മീയോപദേഷ്ടാവ്

5. സെന്റ് മേരീസ് കോൺഫ്രൻസ് (വനിത)
ബിന്ദു ജോസഫ് അരീക്കൽ - പ്രസിഡണ്ട്
വത്സ ജോസ് കൊന്നക്കൽ - സെക്രട്ടറി
ഉഷാ സുനിൽ കുഴിവിളയിൽ - ട്രഷറർ
റവ.ഫാ. വർഗീസ് പുളിക്കൽ - ആത്മായോപദേഷ്ടാവ്

**സെന്റ് ജോർജ്ജ് ചർച്ച്, കുപ്പക്കൊല്ലി**

6. സെന്റ് ജോർജ്ജ് കോൺഫറൻസ്
ഷിജോ ലൂയിസ് താന്നിക്കാട്ടിൽ - പ്രസിഡണ്ട്
ഷൈന കോർനൊടിയിൽ - സെക്രട്ടറി
ബിജു കരിവാൻതെക്കേൽ - ട്രഷറർ
റവ. ഫാ. ടോണി കോഴിമണ്ണിൽ - ആത്മീയോപദേഷ്ടാവ്

**സെന്റ് മേരീസ് ചർച്ച്, ചീരാൽ**

7. സെന്റ് മേരീസ് കോൺഫറൻസ്
മത്തായി പള്ളിക്കൽ - പ്രസിഡണ്ട്
ബാബു പുതുപ്പാടി - സെക്രട്ടറി
പൗലോസ് മുള്ളൽപട്ടക്കൽ - ട്രഷറർ
റവ. ഫാ. ജോസഫ് ചുണ്ടാട്ട് - ആത്മീയോപദേഷ്ടാവ്

**പുതിയ ഏസി രൂപീകരണവും സെമിനാറും**

ബത്തേരി മലങ്കര കത്തോലിക്കാ രൂപതയിലെ വിൻസെന്റ് ഡി പോൾ സംഘടനയുടെ പ്രഥമ സെമിനാർ യോഗത്തിൽ മാനന്തവാടി രൂപത ജനറൽ സെക്രട്ടറിയും ബത്തേരി രൂപത കോ-ഓർഡിനേറ്ററുമായ ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതം ആശംസിച്ചു. ബത്തേരി രൂപതാ സ്പിരിചൽ അഡ്വൈസർ റവ. ഫാ. തോമസ് ചാപ്പുറത്ത് അദ്ധ്യക്ഷനായിരുന്നു. ബത്തേരി രൂപതാ ചീഫ് വികാരി

ജനറൽ റവ. ഫാ. മാത്യു ചാമക്കാലായിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ബത്തേരി ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ മുഖ്യപ്രഭാഷണം നടത്തി. മാനന്തവാടി രൂപതാ പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ സംഘടനാ പ്രവർത്തനങ്ങളെ വിശദീകരിച്ചു.

പൊതുസമ്മേളനത്തിൽ ബ്രദർ ഷാജി ചന്ദനപ്പറമ്പിൽ, ബ്രദർ മത്തായി പുളിയിലക്കാട്ട് എന്നിവർ വിൻസെന്റ് ഡി പോൾ സംഘടനയുടെ ചരിത്രവും പാവങ്ങളിൽ ദൈവത്തെ കണ്ടുകൊണ്ടുള്ള പ്രവർത്തനവും വിശദീകരിച്ച് ക്ലാസെടുത്തു.

രണ്ട് ഏരിയാ കൗൺസിലുകൾ രൂപീകരിച്ച് കോൺഫറൻസുകളെ തിരിച്ചു.

**a) പുൽപ്പള്ളി ഏസി**

ബ്രദർ ജിലി ജോർജ്ജ് - പ്രസിഡണ്ട്

പെരുവിങ്കൽ ചെതലയം

**b) ബത്തേരി ഏസി**

ബ്രദർ മാത്യൂസ് - പ്രസിഡണ്ട്

ആറ്റിൻകര, ബത്തേരി

എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

**സ്കോളർഷിപ്പ്**

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി മാനന്തവാടി രൂപതയിലെ വിൻസെന്റ് ഡി പോൾ സംഘടന ഏസി തലത്തിൽ വേദപാഠം +2 വിന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ 5 കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കലും രണ്ടാംസ്ഥാനം നേടിയവർക്ക് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങനും അവാർഡുകൾ വിതരണം ചെയ്തു.

**പ്രൊജക്ട്**

താഴെപ്പറയുന്ന കോൺഫറൻസുകൾക്ക് പ്രൊജക്ട് പാസ്സായിട്ടുണ്ട്.

**വാഴവറ്റ ഏസി**

a) സെന്റ് ഡൊമിനിക് സാവ്യോ, വാഴവറ്റ - വീട് റിപ്പയർ

b) സെന്റ് ജോർജ്ജ് കൊളവയൽ - വീട് റിപ്പയർ

c) അമലോത്ഭവ മാതാ വാഴവറ്റ - വീട് റിപ്പയർ

**ചുണ്ടക്കര ഏസി**

d) സെന്റ് സെബാസ്റ്റ്യൻ വിളമ്പുകണ്ടം – ആട് വളർത്തൽ

e) സെന്റ് മേരീസ് പറളിക്കുന്ന് – പശു വളർത്തൽ

**പയ്യമ്പള്ളി ഏസി**

f) ലിറ്റിൽ ഫ്‌ളവർ ഒണ്ടയങ്ങാടി – വീട് റിപ്പയർ

**അറിയിപ്പുകൾ**

പ്രൊജക്ടുകൾ എത്രയും പെട്ടെന്ന് നടപ്പിലാക്കി നിശ്ചിത ഫോമിൽ കംപ്ലീഷൻ റിപ്പോർട്ട് നൽകണം. ട്വിൻ കോൺഫറൻസുകളുമായി കത്തിടപാടുകൾ നടത്തുക.

**ഓസ്സാനാംഭവൻ സന്ദർശനം**

**ബത്തേരി ഏ.സി**

| | | | |
|---|---|---|---|
| 17–10–2013 | – | സെന്റ് മേരീസ് | കടൽമാട് |
| 19–10–2013 | – | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 21–10–2013 | – | സെന്റ് ആന്റണി | വാകേരി |
| 23–10–2013 | – | സെന്റ് മേരീസ് | കൽപ്ര |
| 25–10–2013 | – | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 27–10–2013 | – | സെന്റ് ജോർജ്ജ് | ചിത്രഗിരി |
| 29–10–2013 | – | സെന്റ് ആന്റണി | പഴൂർ |
| 31–10–2013 | – | ഫാത്തിമ മാതാ | കുന്നലാടി |
| 01–11–2013 | – | സെന്റ് അൽഫോൻസ | ബത്തേരി |

**ചുണ്ടക്കര ഏ.സി**

| | | | |
|---|---|---|---|
| 03–11–2013 | – | സെന്റ് മേരീസ് | ചുണ്ടക്കര |
| 05–11–2013 | – | സെന്റ് ജോസഫ് | ചുണ്ടക്കര |
| 07–11–2013 | – | സെന്റ് മേരീസ് | അരിഞ്ചേർമല |
| 09–11–2013 | – | സെന്റ് തോമസ് | അരിഞ്ചേർമല |
| 11–11–2013 | – | സെന്റ് ജോർജ്ജ് | ചുള്ളിയാന |
| 13–11–2013 | – | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 15–11–2013 | – | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ ഭാഗമായി 5380 കർഷകർക്കുള്ള ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസിയുടെ ഓഡിറ്റ് ആഗസ്റ്റ് മാസം 12-ാം തീയതി മുതൽ നടന്നു വരുന്നു.

ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജോബിൻ, ശ്രീ. അനീഷ് എന്നിവർ സ്ഥലം മാറി പോയതിനാൽ UPNRM പ്രോജക്ട് ലീഡറായി ജ്വാല ജോസിനെയും, ഡോക്യുമെന്റേഷൻ ഓഫീസറായി രമ്യ V.J എന്നിവരെ നിയമിക്കുകയും ചെയ്തു.

ജൈവ സർട്ടിഫിക്കേഷൻ പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ 120 ടൺ കാപ്പി, 7 ടൺ കുരുമുളക്, 300 Kg വെള്ള കുരുമുളക്, 150 Kg ഗ്രാംമ്പു, 200 Kg ജാതിക്ക, 150 Kg ഏലം എന്നിവ അധിക വില നൽകിക്കൊണ്ട് സംഭരിക്കുന്നതിന് സാധിച്ചു.

## നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി

### 1. നേതൃത്വ പരിശീലനം സംഘടിപ്പിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ആരംഭിച്ച സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി സ്വാശ്രയ സംഘം ഭാരവാഹികൾക്കായി 2013 ആഗസ്റ്റ് 16, 17 തീയതികളിൽ ബോയ്സ് ടൗണിൽ വെച്ച് നേതൃത്വ പരിശീലനം സംഘടിപ്പിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, ജനറൽ കോ-ഓർഡിനേറ്റർ ജോസ് പി. എ, ബൈജു ഐസക്, റിജോ എന്നിവർ നേതൃത്വം നൽകി. വിവിധ കോളനികളിൽ നിന്നായി 76 പേർ പരിശീലനത്തിൽ പങ്കെടുത്തു.

### 2. വില്ലേജ് പ്ലാനിംഗ് കമ്മിറ്റിയോഗം

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയ്ക്ക് പ്രാദേശിക

തലത്തിൽ നേതൃത്വം നൽകുന്ന വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുടെ യോഗം 2013 ആഗസ്റ്റ് 17-ാം തീയതി ബോയ്സ് ടൗണിൽ വെച്ച് നടന്നു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, ജനറൽ കോ-ഓഡിനേറ്റർ ജോസ് പി. എ. എന്നിവർ നേതൃത്വം നൽകി.

**3. പങ്കെടുത്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയത്ത് സംഘടിപ്പിച്ച DPP ശില്പശാലയിൽ WSSS നെ പ്രതിനിധീകരിച്ച് ജനറൽ കോ-ഓഡിനേറ്റർ ജോസ് പി. എ. പങ്കെടുത്തു.

## സേവ് എ ഫാമിലി പ്രോഗ്രാം

സേവ് എ ഫാമിലിയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി, കല്പ്പറ്റ, പുൽപ്പള്ളി മേഖലകളിലുള്ള ഗുണഭോക്താക്കളുടെ സെന്ററൽ ലെവൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. കുടുംബങ്ങളിൽ ചിലവ് കുറയ്ക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനുമായി ജൈവ അടുക്കളത്തോട്ടം തുടങ്ങുന്നതിനുള്ള ബോധവൽക്കരണവും പരിശീലന പരിപാടിയും നടത്തി.

2012-13 വർഷത്തിൽ SAFP യുടെ സഹായത്തിന് അർഹരായ ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള സംരംഭകത്വ പരിശീലനം 23-8-2013 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത പരിപാടിയിൽ WSSS ജനറൽ കോ-ഓർഡിനേറ്റർ ജോസ് പി. എ. ക്ലാസെടുത്തു.

മുൻകൂട്ടി പ്ലാൻ ചെയ്തതനുസരിച്ച് ആഗസ്റ്റ് മാസം 36 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി ധനസഹായം വിതരണം ചെയ്തു.

## ഫെസിലിറ്റേറ്റിംങ്ങ് അഗ്രിക്കൾച്ചറൽ റീജനറേഷൻ മെഷേർസ് (FARM)

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് ഫാർമേഴ്സ് കാമ്പയിൻ - ഫാം പ്രൊജക്ടിന്റെ ഭാഗമായി മാനന്തവാടി, തിരുനെല്ലി, ഇടവക, പടിഞ്ഞാറത്തറ, തരിയോട്, കോട്ടത്തറ പഞ്ചായത്തുകളിൽ കഴിഞ്ഞ 5 വർഷങ്ങളിലായി നടപ്പിലാക്കി വന്നിരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലെത്തിയിരിക്കുന്നു. കേരള സോഷ്യൽ സർവ്വീസ് ഫോറം കാരിത്താസ് ഇന്ത്യയുടെയും

കാരിത്താസ് ഓസ്ട്രേലിയയുടെയും സാമ്പത്തിക-സാങ്കേതിക സഹായത്തോടെ വയനാട്ടിലെ വിവിധ സന്നദ്ധ സംഘടനകളെ ഉൾച്ചേർത്തുകൊണ്ടാണ് ഫാം പ്രൊജക്ട് നടപ്പിലാക്കി വന്നിരുന്നത്.

**1. ലേബർ ബാങ്ക്**

ഫാം പ്രൊജക്ടിന്റെ ഭാഗമായി മൂന്ന് ലേബർ ബാങ്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു പദ്ധതിയുടെ ഭാഗമായി. ലേബർ ബാങ്ക് അംഗങ്ങൾക്ക് അവരുടെ വരുമാനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കാനും അവരുടെ കൂട്ടായ്മ മെച്ചപ്പെടുത്തുവാനുമായി രണ്ട് കാട് വെട്ട് യന്ത്രങ്ങൾ വിതരണം ചെയ്തു. മൂന്നാമത്തെ ലേബർ ബാങ്കിനുള്ള കാട് വെട്ട് യന്ത്രം അടുത്തമാസം കൊടുക്കുവാനും തീരുമാനിച്ചു.

**2. കാരിത്താസ് ഓസ്ട്രേലിയ ടീം സന്ദർശനം**

തരിയോട് പഞ്ചായത്തിലെ മരവയൽ ലേബർ ബാങ്കിൽ കാരിത്താസ് ഓസ്ട്രേലിയൻ ടീം സന്ദർശനം നടത്തുകയും ലേബർ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ അവർ വളരെ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

**3. ഒറ്റഞാർ നെൽകൃഷിക്കാരുടെ സംഗമം**

ഫാം പ്രൊജക്ടിന്റെ ഭാഗമായി ഒറ്റഞാർ നെൽ കൃഷി ചെയ്യുന്ന കർഷകരുടെ സംഗമം WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, കോ-ഓർഡിനേറ്റർ ജ്വാല ജോസ്, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരായ അന്നമ്മ സെബാസ്റ്റ്യൻ, ഷീല വി. ജെ., ബീന ജയരാജ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**4. ഫാർമേഴ്സ് കോൺഫ്രൻസ്**

തൃശിലേരി മോഡൽ ഫാം ലീഡറായ ശ്രീ. രാജൻ എന്ന വികലാംഗ കർഷകന് ശ്രീലങ്കയിൽ നടന്ന ഫാർമേഴ്സ് കോൺഫ്രൻസിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുകയും സെപ്റ്റംബർ 10, 11, 12 തീയതികളിൽ നടന്ന ഫാർമേഴ്സ് കോൺഫ്രൻസിൽ പങ്കെടുക്കുകയും ചെയ്തു. ഇന്ത്യയിൽ നിന്ന് രണ്ടു കർഷകർക്കു മാത്രമാണ് ഈ അവസരം ലഭിച്ചത്. ശ്രീ. രാജൻ എസ്. റ്റി. വിഭാഗത്തിൽപ്പെട്ട ആളാണ്.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ ശാക്തീകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന കെ. എൽ. എം. ഊർജ്ജസ്വലമായി മുന്നോട്ട് പോകുന്നു.

**പരിശീലന ക്യാമ്പ്**

ആഗസ്റ്റ് 24, 25 തീയതികളിൽ ആലുവയിൽ വെച്ച് നടന്ന ഫോറം ലീഡേഴ്സ് ട്രെയിനിംഗ് ക്യാമ്പിൽ ജോബിൻ കുരീക്കാട്ടിൽ (co-ordinator), രാജു വണ്ടന്നൂർ (KCTTF), ബ്രിജീത്ത തടത്തിൽ (KTWF), വത്സമ്മ തൊന്നാമ്മുക്കൻ (SNDU) തുടങ്ങിയവർ പങ്കെടുത്തു.

**ക്ലാസുകൾ സംഘടിപ്പിച്ചു**

ആഗസ്റ്റ് 28 ന് POC യിൽ വെച്ച് നടന്ന സാരഥി മീറ്റിംഗിൽ WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ സുരക്ഷയെക്കുറിച്ചും വിവിധ ക്ഷേമനിധികളെക്കുറിച്ചും ക്ലാസെടുത്തു.

**എൻറോൾമെന്റ്**

എടവക പഞ്ചായത്തിലുള്ള വിവിധ കുടുംബശ്രീ യൂണിറ്റുകളിൽ സുരക്ഷയിലും വിവിധ ക്ഷേമനിധികളിലും എൻറോൾമെന്റ് നടത്തി.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

**Tidings from Mary Matha**

- The Students' Union & the Fine Arts Club were inaugurated on 3 September by the versatile Personality Sri Kalpetta Narayanan. Variety Entertainments by the Students and Ganamela followed. The Representative Council of the PTA was the special invitees.
- Teachers' Day was celebrated on 5 September. Rev. Fr Manager presided and Student Representatives from every Department paid their respects to the Teaching fraternity.
- The Academic Excellence Day cum the Founder Principal Dr K.T. Varkey Endowment Lecture was held on 6 September. Dr Jancy James, the Central University Vice Chancellor made the Endowment Lecture on Value Based Higher Education. Through an avalanche of oratory she exhorted the Academic Community to embrace traditional values while tapping the new technologies to the maximum. Dr K.T. Varkey presented the Founder Principal Endowment Award for the Best Outgoing Student of the Year to Ms Alna Maria Isaac of the Dept of English. Various Scholarships and Endowment Awards were presented to the winners. In the Afternoon, Dr K.T. Varkey interacted with the representatives of the Students & Parents, the Administrative & Teaching Teams on the preparations for the fast approaching visit of the NAAC Peer Team on Reaccreditation. The Representative Council of the PTA witnessed the function.
- Onam was celebrated with traditional pomp on 12 & 13 September. While students in the neighbourhood clash on petty issues prevent-

ing the academic process, our students celebrate life upholding the spirit of Onam materializing the dream campus. The Dept of Commerce celebrated Onam in the Murukumtheri Dalit Colony on the afternoon of 13 September as part of the Maithri Community Development Program. Sri Regi Francis coordinated.

- Dr Savio James attended the Board of Studies Meet in Functional English at the Kannur University. Dr Shaju P.P. attended the Board of Studies Meet in Journalism PG Board of Studies at the Kerala University.
- The Organizing Committees met on 12 & 13 September to chalk out the preparations for the forthcoming Mega Event on the Campus, the Inauguration of the UGC Projects under operation on the Campus on Thursday, 10 October. The Patron, Rt Rev. Dr Jose Porunnedom will lead the Blessing Ceremony. The Guests of Honour include, Ms Jayalakshmi, Mananthavady's own Minister, Sri M.I. Shanavas, M.P., Smt Rosakkutty Teacher, the Chairperson of the State Women's Commission, Dr Gopukumar, the Deputy Secretary to the UGC Regional Office, Dr Balachandran, the Registrar of the Kannur University, and Rev. Msgr Mathew Madappallikkunnel, the Vicar General. The Presidents of the District, Block, and Grama Panchayats, the Vice President of the Grama Panchayat, will felicitate the Gathering. The Special invitees comprise of the Board of Governors, the Representative Council of the PTA, Rev. Vicars of the Forane Churches, Congregations, the Personnel involved in the Construction of the Various Projects funded by the UGC & the Management, Former Managers, Principals, Teachers and the Faculty on Deputation, on FIP, on Leave, the Neigbours and a Cross Section of the Public, the various Stakeholders of the College.
- Ms Nirmala Borgia attended the Selection Committee Meet at the Kannur University on Faculty Improvement Program to complete her Ph D.
- The Principal will be attending the Indian Principals' Annual Retreat organized by the All India Association for Christian Higher Education (AIACHE) in the Andamans during the Onam holidays. He will

also attend the Orientation of Select College Principals at the National University of Educational Planning and Administration (NUEPA), New Delhi, scheduled for 30 September to 5 October.

- Dr Saban Varghese, Associate Prof. and former Coordinator of the IQAC, St Berchman's College, Changanacherry led the Mock Visit in advance to that of the Peer Team and provided valuable suggestions for improvement.
- Sri Sabu O.J. attended the Weeklong Orientation for the Program Officers of the National Service Scheme at the Rajagiri College of Social Sciences, Kalamasserry.
- The father of Sri Johnson C.J. expired after being subjected to long illness.
- Dr Sudheesh Kumar K.C. led a session on Boost Your Memory organized by the Career Guidance and Placement Cell on 10 September. On 30 August the Personnel from the Farook Institute of Management Studies led a Workshop on CMAT Preparations. Dr Rakesh coordinated.

**Dr. Raju George**
Principal

## *റേഡിയോ മാറ്റൊലി* 90.4 mhz

**റേഡിയോ സെറ്റ് വിതരണം നടത്തി**

റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ ആദിവാസികൾക്ക് ഊരുതലത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി, ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്മെന്റ് (RGNIYD) എന്ന കേന്ദ്ര സർക്കാർ സ്ഥാപനം ജില്ലയിലെ തെരഞ്ഞെടുത്ത പണിയ, അടിയ, കാട്ടുനായ്ക്ക ഊരുകൾക്ക് അനുവദിച്ച റേഡിയോ സെറ്റുകളുടെ വിതരണം പഞ്ചായത്ത് അടിസ്ഥാനത്തിൽ നടന്നു വരുന്നു. മാനന്തവാടി, എടവക, തവിഞ്ഞാൽ, തിരുനെല്ലി, പടിഞ്ഞാറത്തറ, തൊണ്ടർനാട്, വെള്ളമുണ്ട, അമ്പലവയൽ, പൂതാടി, മീനങ്ങാടി തുടങ്ങിയ പഞ്ചായത്തുകളിൽ ഇതിനോടകം വിതരണം നടന്നു. ST പ്രൊമോട്ടർമാർ മുഖേന ഊരുമൂപ്പൻമാർക്കാണ് റേഡിയോ സെറ്റ് നൽകുന്നത്. റേഡിയോ വിതരണത്തിന് മാറ്റൊലി ലെയ്സൺ ഓഫീസർ ശ്രീ. എം.ജി. ബേബി, റെനീഷ് ആര്യപ്പിള്ളി എന്നിവർ നേതൃത്വം നൽകി വരുന്നു.

**ഓണാഘോഷം**

റേഡിയോ മാറ്റൊലിയുടെ ഓണാഘോഷം സെപ്തംബർ 14-ാം തീയതി ശനിയാഴ്ച ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് നടന്നു. മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളും പ്രോഗ്രാം വോളണ്ടിയേഴ്സും ഓണാഘോഷത്തിൽ പങ്കുചേർന്നു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# അറിയിപ്പുകൾ



## 1. സാന്താമരിയ, വടുവൻചാൽ

വടുവൻചാലിനടുത്ത് വട്ടത്തുവയലിൽ ചെറുപുഷ്പ വൈദികരുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന സാന്താമരിയ സൈക്കോ-സ്പിരിചൽ സെന്ററിൽ എല്ലാ മാസവും രണ്ടാം ഞായർ മുതൽ വെള്ളിയാഴ്ച വരെ ആത്മവിശുദ്ധീകരണ ധ്യാനം നടന്നുവരുന്നു.

ഈ വർഷത്തെ ധ്യാനങ്ങൾ:

ഒക്ടോബർ 13 – 19

നവംബർ 10 – 15

ഡിസംബർ 8 – 13

എല്ലാ ആദ്യവെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ ഏകദിന പ്രാർത്ഥനകളും, ഞായറാഴ്ചകളിൽ വൈകിട്ട് 4 മണി മുതൽ ബൈബിൾ സ്റ്റഡി ക്ലാസുകളും നടന്നുവരുന്നു.

കൗൺസിലിംഗിനുള്ള സൗകര്യവും ഇവിടെയുണ്ട്.

Contact Number: 8113061008, 9544085862

**ഫാ. ജോൺസൺ പുതുശ്ശേരി CST**
ഡയറക്ടർ

• • • •

## 2. വിദ്യാഭ്യാസ സ്കോളർഷിപ്പ് അപേക്ഷ ക്ഷണിക്കുന്നു

പതിനഞ്ചാം വർഷത്തിലേക്കു കടന്നിരിക്കുന്ന, കെ.എം.സി.എ. (കുവൈറ്റ് മലയാളി കാത്തലിക് അസോസിയേഷൻ) സിൽവർ ജൂബിലി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നതായി സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 250 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2013 മാർച്ചിലെ 10-ാം

സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടു മ്പോൾ കുറഞ്ഞത് 870 മാർക്ക് ഉള്ളവർ ആയിരിക്കണം. (A+ = 90 Marks, A = 80 marks, B+ = 70 marks, B-60 marks, C+ =50 marks, C=40 marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലി ഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര്/ ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപ്പറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യ പത്രവും 10-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോ കോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2013 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ട താണ്.

Acknowledgement ആവശ്യമുള്ളവർ self addressed post card കൂടി അപേക്ഷാഫോറത്തോടൊപ്പം അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം:

K. T. Thomas
Karippaparambil, D.T.Road
Kanjirapally - 686 507
Ph: 04828 - 203724, Mob: 9847151658
E-mail:thomkarippa@gmai.com

**K. T. Thomas**
KMCA President

# *Programme*




## Pastoral Centre, Dwaraka

**October 2013**

| | | |
|---|---|---|
| Sep 29 S -3 T | - | Zion: Retreat |
| 04F | - | Zion CRC: Night Vigil |
| 05S | - | Zion CRC: Prayer Day |
| 06S-09W | - | Marriage Preparation Course |
| 11F | - | CML Executive + Team Meeting; Jesus Youth Night Vigil |
| 12S | - | Pastoral Council; Jesus Youth: Prayer Day |
| 12S-16T | - | Zion Youth Retreat |
| 15T | - | CMA Executive |
| 18F-21M | - | Marriage Preparation Course |
| 22T | - | Marian Singles |
| 26S | - | Catechism HDC |

**Fr. Mathew Periappuram**
Director, Pastoral Centre

# *Bishop's Programme*



## *October*

| | | |
|---|---|---|
| *01 Tue* | ................ | *Engaged* |
| *02 Wed* | ................ | *Visitors' Day* |
| *03 Thu* | ................ | *Providence Seminary, Kartikulam* |
| *04 Fri* | ................ | *Out of Station* |
| *05 Sat* | ................ | *Mananthavady: Faith Rally Organized by CCSS* |
| *06 Sun* | ................ | *Bavaly : Pastoral Visit* |
| *07 Mon* | ................ | *Norbert House: Diaconate* |
| *08 Tue* | ................ | *Norbert House: Blessing of the Priory Church* |
| *09 Wed* | ................ | *Makkiyad: Blessing of the Retreat Centre* |
| *10 Thu* | ................. | *Mary Matha College, Blessing of Indoor Stadium* |
| *11 Fri* | ................. | *Out of Station* |
| *12 Sat* | ................. | *Pastoral Council* |
| *13 Sun* | ................. | *Dwaraka: Jesus Youth Retreat* |
| *14 Mon 25 Fri* | ....... | *Out of Station* |
| *27 Sun* | ................. | *Poroor: Blessing of Parish Hall* |
| *28 Mon* | ................ | *NAAC Visit* |
| *29 Tue* | ................ | *Engaged* |
| *30 Wed* | ................ | *Visitors' Day* |
| *31 Thu* | ................. | *Muthireri: Blessing of DST Convent* |

## *November*

| | |
|---|---|
| *01 Fri ..................* | *Kunnoth Seminary* |
| *02 Sat ..................* | *Dwaraka : Youth Convention* |
| *03 Sun ..................* | *Minor Seminary: Benefactors' Day* |
| *04 Mon 16 Sat .......* | *Philippines* |
| *17 Sun ..................* | *Perikallor: Faith Year Conclusion* |
| *18 Mon ................* | *Mullenkolly: Ordination of Dn Joseph Parathanal OFM.Cap.* |
| *19 Tue .................* | *Kallody: Vestiton of FCC Novices* |
| *20 Wed .................* | *Visitors' Day* |
| *21 Thu .................* | *Engaged* |
| *22 Fri .................* | *Out of Station* |
| *23 Sat Morning.....* | *Pastoral Centre Dwaraka, HDC Sangamam* |
| *Afternoon.....* | *Blessing of MCBS Chapel at Cheeyambam* |
| *24 Sun ...............* | *Chungakkunnu: Faith Year Conclusion* |
| *25 Mon ...............* | *Engaged* |
| *26 Tue .................* | *Thonichal : Vestition & First Profession of SKD Novices, Final Profession & Silver Jubilee of SKD Sisters* |
| *27 Wed ...............* | *Seminary Day* |
| *28 Thu .................* | *Arattuthara: Blessing of the newly constructed Church* |
| *29 Fri ..................* | *Out of Station* |
| *30 Sat ..................* | *Tellichery* |